License No. 371. Dated 10-10-37.

# വൈദ്യസാരഥി.

വാല്യം 12. } 1122 മിഥുനം. { ലക്കം 3.



EDITOR:- N. S. MOOSS, (VAYASKARA)

വാർഷികവരിസംഖ്യ രൂ. ൩. ഒററപ്രതിക്ക് അണ 4.

# വൈദ്യസാരഥി.

കേരളത്തിലെ

ഏക സംസ്കൃത മലയാള വൈദ്യമാസിക.

വാല്യം 12. { 1122 മിഥുനം. } ലക്കം 3.


## മംഗളം.

—*—

രിപോർജ്ജയേ സാരഥിവന്മഹീപതേഃ
സഹായതാം വൈദ്യഗണസ്യ രുഗ്ജയേ
പ്രപദ്യമാനേയമതീവ മാസികാ
സദാ പരം ശുംഭതു വൈദ്യസാരഥിഃ

വൈദ്യൻ, പി. രാമൻമേനോൻ.

# വില്ലൻചുമ.

(എസ്സ്. രാമകൃഷ്ണവാര്യർ, വൈദ്യകലാനിധി, തൊടുപുഴ.)

കുട്ടികളുടെ ഇടയിൽ സർവ്വസാധാരണമായ ഒരു രോഗമാണിതു്. ഈ രോഗത്തെ നിലങ്കാരിച്ചുമ, കൊക്രക്കര, മുഷ്ടിറച്ചുമ, തൊണ്ണൂറാങ്കര എന്നിപ്പേരുകളാലും അറിയപ്പെടുന്നുണ്ടു്. സാമാന്യേന ഇതു തുടങ്ങിയാൽ തൊണ്ണൂറുദിവസം കഴിയാതെ സുഖപ്പെടുകയില്ലെന്നുള്ളതുകൊണ്ടും ചുമയുടെ ശക്തികൊണ്ടു് കുട്ടി വില്ലുപോലെ വളയുക, നിലത്തുവീണുപോവുക, ചുമയുടെ ഇടയ്ക്കു് കോഴി കൂവുന്നതുപോലെ ഒരു

വലി (ഏങ്ങൽ) കാണുക മുതലായവകൾകൊണ്ടു് മേൽപറഞ്ഞ പേരുകൾ എല്ലാംതന്നെ അന്വത്ഥങ്ങളാണു്. കുട്ടികൾ ഈ രോഗംകൊണ്ടു് വളരെ വിഷമിക്കാറുണ്ടെന്നു മാത്രമല്ല അവരുടെ ജീവനേക്കൂടി ഇതു ചിലപ്പോൾ തകരാറിലാക്കാറുണ്ടെന്നോക്കുമ്പോൾ ഇതിന്റെ ഭയങ്കരത മനസ്സിലാക്കാം. കുട്ടികൾ ഒററശ്വാസത്തിൽതന്നെ വളരെനേരം ഇടവിടാതെ ചുമച്ചു് ദയനീയമായവിധം കിടന്നുരുളുന്നതു കണ്ടാൽ സങ്കടം തോന്നിപ്പോകുന്നതിൽ അതിശയമില്ല.

ഈ ചുമ ഉണ്ടാകുന്നതു് ഒരുതരം രോഗാണുക്കൾ ശ്വാസക്കുഴൽ, ശ്വാസകോശങ്ങൾ ആദിയായ ഭാഗങ്ങളിൽ സംക്രമിക്കുന്നതിന്റെ ഫലമായിട്ടാണു് എന്നാണു് പാശ്ചാത്യവൈദ്യശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. രോഗമുള്ള കുട്ടികളോടു് സംസർഗ്ഗംചെയ്യുന്ന മററു കുട്ടികൾക്കും ഇതു വന്നുകാണാറുള്ളതുകൊണ്ടു് വില്ലൻചുമ ഒരു പകർച്ചവ്യാധിയാണെന്നുള്ളതിൽ സംശയമില്ല. അണുക്കൾ പ്രവേശിച്ചാൽ ഒന്നു മുതൽ മൂന്നാഴ്ചക്കകം രോഗലക്ഷണങ്ങൾ കാണും. ശ്വാസംവഴി അണുക്കൾ അകത്തു പ്രവേശിക്കുന്നു. ഏതായാലും രോഗാരംഭത്തിൽ ഒരാഴ്ചയോളം വല്ലൻചുമയാണെന്നു അറിവാൻ പ്രയാസമാണു്. ആ അവസരത്തിൽ സാധാരണ ജലദോഷത്തിന്റെ രീതിയേ കാണുവുള്ളു. അല്പമായ ചുമ, മൂക്കിൽകൂടി വെള്ളംവരിക, വിശപ്പു കുറവു്, മൃദുജ്വരം ഇവകളേ ആദ്യം കാണുവുള്ളു. ക്രമേണ മേൽപറഞ്ഞ ജലദോഷഛായ മാറി ചുമ മാത്രമായിത്തീരും. ഈ അവസരം മുതലാണു് രോഗത്തിന്റെ ശക്തി പ്രകടമായി കാണുവാൻ തുടങ്ങുന്നതു്. ചുമ തുടങ്ങിയാൽ ഇടവിടാതെ വളരെനേരം തുടന്നു ചുമയ്ക്കും. അതിന്റെ ശക്തികൊണ്ടുള്ള വിഷമം സഹിക്കുവാൻ ത്രാണിയില്ലാതെ കുട്ടികൾ അടുത്തുനില്ക്കുന്ന തൂണിലോ മറേറാ ബലമായി കെട്ടിപ്പിടിച്ചുപോകാറുണ്ടു്. അറിയാതെ മലവും മൂത്രവും പോയെന്നുംവരാം. കുറേ അധികം ചുമച്ചതിനുശേഷം വല്ലതും ആഹാരം കഴിച്ചിട്ടുണ്ടെങ്കിൽ

അതും കഫവും വഴുവഴുത്ത വെള്ളവും കൈക്കൂടി ഛർദ്ദിക്കുന്നതും സാധാരണമാണു്. പിന്നീട്ട് കുറച്ചുസമയത്തേക്കു് കുട്ടിയേ കണ്ടാൽ രോഗമുണ്ടെന്നുതന്നെ തോന്നുകയില്ല. പക്ഷേ ചുമയുടെ ആവർത്തനം വീണ്ടും ഉണ്ടാകുന്നു. ചിലപ്പോൾ ഒരു ചുമയുടെ തുടർച്ചയിൽതന്നെ കോഴി കൂവുന്നതരത്തിലുള്ള ഒരു വലികൂടി കാണാറുണ്ടു്. ഇപ്രകാരം ഒരു ദിവസം പല പ്രാവശ്യം ആവർത്തിച്ചാവർത്തിച്ചു് വന്നുവെന്നുവരാം. രാത്രിയിലാണു് കൂടുതൽ. ചുമ തുടങ്ങി കുറേ ദിവസം കഴിയുമ്പോൾ കുട്ടിക്കു് അതിയായ ക്ഷീണം, നെഞ്ചു കൂട്ടുകെട്ടുക, ചിലപ്പോൾ ചുമച്ചുതുപ്പുന്ന കഫത്തിന്റെകൂടെ രക്തം കാണുക, കണ്ണു് ചുവപ്പുനിറമായിത്തീരുക, തളർച്ച മുതലായി പല ഉപദ്രവങ്ങളും വന്നുചേർന്നും കാണുന്നുണ്ടു്. പ്രായത്തിന്റെ കൂടുതൽകുറവനുസരിച്ചിരിക്കും ഇതിന്റെ വിഷമത. നന്നേ ചെറിയ കുട്ടികളിൽ ഇതു വളരെ വൈഷമ്യത്തെ ഉണ്ടാക്കും. വില്ലൻചുമ വന്നു് കുട്ടികൾ മരിക്കാറില്ലെങ്കിലും രോഗത്തെ വകവയ്ക്കാതെ ചെയ്യുന്ന അപചാരങ്ങൾനിമിത്തം തുടർന്നു ന്യുമോണിയാ ഉണ്ടാകുവാനും അതു മരണത്തിനു കാരണമായിത്തീരാറും ഉണ്ടു്. ന്യുമോണിയാകൂടി വന്നാൽ രോഗിയുടെ കാര്യം കഷ്ടത്തിലാണെന്നുള്ളതു തീർച്ചയാണു്. നീരുമുതലായ മററുപദ്രവങ്ങൾ വന്നും മരണം ഉണ്ടാകാറുണ്ടു്.

വില്ലൻചുമ വന്നാൽ ഒന്നും ചികിത്സിക്കേണ്ട ആവശ്യമില്ല. മൂന്നു മാസം കഴിയുമ്പോൾ തനിയേ മാറിക്കൊള്ളും എന്നൊരു ധാരണ ആളുകളുടെ ഇടയിൽ എന്നല്ല, ചില വൈദ്യന്മാരുടെ ഇടയിലും കടന്നുകൂടിയിട്ടുണ്ടു്. അതാണു് വളരെ ആപൽക്കരം. രോഗം മനസ്സിലായാൽ ഉടൻതന്നെ ചികിത്സചെയ്താൽ വളരെ ആശ്വാസം കണ്ടുവരാറുണ്ടു്.

രോഗമുള്ള കുട്ടിയെ കുളിപ്പിക്കുകയോ തണുപ്പു് അടിക്കുവാൻ ഇടകൊടുക്കുകയോ ചെയ്യുന്നതു നന്നല്ല. എപ്പോഴും തണുപ്പിനെ തടയത്തക്ക വല്ല ഉടുപ്പുകളും തൊപ്പിയും ധരിപ്പിക്കുന്നതു നല്ലതാണു്. ആഹാരകാര്യത്തിൽ വളരെ

ശ്രദ്ധിക്കേണ്ടതാവശ്യമാണു്. കണ്ടമാനം യാതൊന്നും കഴിക്കുവാൻ ഇടകൊടുക്കരുതു്. ദേഹത്തിനു പോഷണത്തെ കൊടുക്കുന്നതും എന്നാൽ ദഹനത്തെ തകരാറിലാക്കാത്തതും ചുമയെ വർദ്ധിപ്പിക്കാത്തതുമായ ആഹാരങ്ങളേ കൊടുക്കുവാൻ പാടുള്ളൂ. ആട്ടിൻപാലൊ പശുവിൻപാലൊ കാച്ചി അല്പം ചുക്കുപൊടിയും ശക്കരയും ചേൎത്തു് കൊടുക്കാം. ബാർളിവെള്ളത്തിൽ പാലുചേൎത്തുകാച്ചിയും ആകാം. പുളിയുള്ള സാധനങ്ങൾ എല്ലാം വിരോധമായിട്ടാണു് കാണുന്നതു്. ഇന്തുപ്പോ കർപ്പൂരമോ ഇട്ടു് എണ്ണ മൂപ്പിച്ചു നെഞ്ചത്തു് കൂടക്കൂടെ പുരട്ടുന്നതും ആവി പിടിക്കുന്നതും വളരെ പ്രയോജനമുള്ളതാണു്. ദശമൂലകടുത്രയം കഷായം പകുതി ആടലോടകവേരുചേൎത്തു് ശ്വാസാനന്ദം ഗുളിക മേമ്പൊടിയായി കൊടുക്കുന്നതു് ഫലപ്രദമായിട്ടാണു് കാണുന്നതു്. മുക്കാപ്പീരത്തിലയോ ആടലോടകത്തിലയോ അല്ലെങ്കിൽ രണ്ടുംകൂടയോ വാട്ടിപ്പിഴിഞ്ഞനീരു് എടുത്തു് അല്പം തേൻ ചേൎത്തു് അല്പാല്പമായി കൊടുക്കുന്നതുംകൊള്ളാം. ഇതുകൂടാതെ വാസാരിഷ്ടം, കോട്ടയ്ക്കൽ ആൎയ്യവൈദ്യശാലക്കാരുടെ താംബൂലലേഹം, ജീവരക്ഷാമണി വൈദ്യശാലക്കാരുടെ "വില്ലൻചുമമരുന്നു്" ഇവകളും എനിക്കു് അനുഭവപ്പെട്ടിട്ടുള്ളതാകുന്നു. രോഗം കുറേ കുറഞ്ഞാൽ "ശ്വാസാശനി" അല്ലെങ്കിൽ തേകരാജാദി ഈ തൈലങ്ങളിൽ ഏതെങ്കിലും ഒന്നു് തേപ്പിച്ചു് ആഴ്ചയിൽ ഒന്നോ രണ്ടോ പ്രാവശ്യം കുളിപ്പിക്കുന്നതിൽ വിരോധമില്ല. നല്ലതുപോലെ സുഖപ്പെട്ടാലും കുട്ടിയുടെ ശരീരത്തിനു ക്ഷീണം തീരുന്നതിനുവേണ്ടി ദേഹപോഷകമായും ശ്വാസകോശം, ഹൃദയം മുതലായ അവയവങ്ങളെ ബലപ്പെടുത്തുന്നതുമായ രസായനങ്ങൾ വല്ലതും ശീലിപ്പിക്കുന്നതും നന്നാണു്. വില്ലൻചുമയെപ്പററി എനിക്കു് അറിവാൻ കഴിഞ്ഞിടത്തോളം ഇവിടെ രേഖപ്പെടുത്തി; കൂടുതൽ പററിയ ചികിത്സാമാൎഗ്ഗങ്ങൾ അറിവുള്ളവർ "വൈദ്യസാരഥി" മുഖേന പ്രസിദ്ധപ്പെടുത്തുമെന്നു് പ്രതീക്ഷിക്കുന്നു.

# അപഥസഞ്ചാരത്തെക്കുറിച്ച്.

(വൈദ്യൻ, പി. രാമൻമേനോൻ, പൊയ്യ.)

11-ാം വാല്യം 8-ാം ലക്കം വൈദ്യസാരഥിയിൽ (അപഥസഞ്ചാരം) എന്ന തലക്കെട്ടിൽ വൈദ്യൻ, പി. കെ. പത്മനാഭപിള്ള അവർകൾ എഴുതിയിരുന്ന ലേഖനം കണ്ടു. അതുമുഴുവനും വായിച്ചപ്പോൾ "അപഥസഞ്ചാരം" എന്ന് ആ ലേഖനത്തിനു നാമകരണം ചെയ്തതു് ഏററവും ചേർച്ചയായിട്ടുണ്ടെന്നു എനിക്കു് ബോദ്ധ്യം വന്നു. "അപഥസഞ്ചാരം" എന്നതു് മാർഗ്ഗമല്ലാത്ത പ്രദേശത്തുടെ ഗമിക്കുകയാണല്ലോ. അസ്ഥി ഒരിക്കലും ഉരുകി സ്രവിക്കുന്നതല്ലെന്നും മററും ഞാൻ 11-ാം വാല്യം 5-ാം ലക്കം സാരഥിയിൽ എഴുതിയിരുന്നതിനെ ഖണ്ഡിക്കാൻ സാധിക്കായ്കയാൽ എന്തെങ്കിലും ചിലതൊക്കെ എഴുതണമെന്നുകരുതി മി. പിള്ള എന്നെ പരിഹസിച്ചു കുറെ എഴുതിയിട്ടുണ്ടല്ലോ അതുതന്നെയാണ് പ്രകൃതത്തിലെ "അപഥസഞ്ചാരം." എന്നാൽ അസ്ഥിസ്രാവത്തേക്കുറിച്ചു ഞാനെഴുതിയിരുന്നതെല്ലാം തെററാണെന്നു സ്ഥാപിക്കാതെ പരിഹസിച്ചതുകൊണ്ടു് മി. പിള്ള യോഗ്യനാണെന്നു പണ്ഡിതന്മാർ ധരിക്കുമെങ്കിൽ അങ്ങിനെ ധരിച്ചുകൊള്ളട്ടെ. സാരഥിയിൽ ഞാൻ മംഗളശ്ലോകം മുതലായ പല ലേഖനങ്ങളും എഴുതിയിട്ടുള്ളതുകൊണ്ടു് അദ്ദേഹത്തിനു എന്നിൽ ഈർഷ്യയുണ്ടെന്നു അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ടല്ലോ. മേലാൽ മി. പിള്ള സാരഥിയിൽ മംഗളശ്ലോകവും മററു പല ലേഖനങ്ങളും എഴുതി സാരഥിയുടെ സ്ഥിരപരിചയക്കാരനായി സാരഥി അദ്ദേഹത്തിന്റെ നാട്യശാലയാണെന്നുകരുതി നടനം ചെയ്തുകൊള്ളട്ടെ.

"പരോല്ക്കൎഷാസഹിഷ്ണുത്വമീൎഷ്യാം പ്രാഹുർമനീഷിണഃ" എന്ന വാക്യംകൊണ്ടു് പ്രതിപാദിതമായ ഈർഷ്യാലക്ഷണത്തിന്റെ പ്രധാനലക്ഷ്യം മി. പിള്ളയാണെന്നു അദ്ദേഹം

എഴുതിയ ആ ലേഖനം കണ്ടിട്ടുള്ളവക്കറിയാം. അദ്ദേഹത്തിന്റെ ആ ലേഖനം വായിച്ചപ്പോൾ എനിക്കു "അകരുണത്വമകാരണവിഗ്രഹഃ പരധനേ പരയോഷിതി ച സ്പൃഹാ. സുജനബന്ധുജനേഷ്വസഹിഷ്ണുതാ പ്രകൃതിസിദ്ധമിദം ഹി ദുരാത്മനാം" എന്നുള്ള പദ്യത്തിന്റെ ഓമ്മ വന്നു. മി. പിള്ള പറഞ്ഞിട്ടുള്ളവയിൽ സമാധാനം പറയേണ്ടവയായ ചില ഭാഗങ്ങളെ താഴെ ഉദ്ധരിക്കുന്നു.

"അസ്ഥിസ്രാവമെന്നതു് അസ്ഥി കഷണം കഷണമായി സ്രവിച്ചുപോകുന്നതു് എന്നാണു് അദ്ദേഹം ധരിച്ചിരിക്കുന്നതെന്നുതോന്നും" എന്നു മി. പിള്ള പറഞ്ഞിട്ടുള്ളതു് അദ്ദേഹത്തിന്റെ ധാരണ അപ്രകാരമായതുകൊണ്ടുതന്നെയാണു്. എന്റെ ലേഖനത്തിൽനിന്നും അങ്ങിനെയുള്ള അബദ്ധം ആക്കും തോന്നാൻ സംഗതിയില്ലാത്തതാണു്. രക്തം സ്രവിക്കുന്നു, ചലം സ്രവിക്കുന്നു എന്നും മററും ദ്രവപദാൎത്ഥങ്ങളുടെ സ്രാവത്തേക്കുറിച്ചു ജനങ്ങൾ പറയാറുണ്ടെന്നല്ലാതെ കഠിനപദാൎത്ഥമായ അസ്ഥി കഷണം കഷണമായി സ്രവിച്ചുപോകുമെന്നു് മി. പിള്ളയല്ലാതെ മററാരും പറയുമെന്നുതോന്നുന്നില്ല. അസ്ഥി ഒരിക്കലും ഉരുകി സ്രവിക്കുന്നതല്ലെന്നു ഞാൻ മുൻ പറഞ്ഞിരുന്നതിനെ ഖണ്ഡിക്കാൻ സാധിക്കായ്കകൊണ്ടു വല്ലതും കുറെ എഴുതണമെന്നു കരുതി മി. പിള്ള ആവശ്യമില്ലാതെ അസ്ഥിയേപ്പററി ചിലതൊക്കെ ചോദിച്ചിരുന്നവയ്ക്കു ഒരു സമാധാനവും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല.

"ശുക്ലസ്രാവമെന്നു മക്കടമുഷ്ടി പിടിക്കുകയും അതിനെ ചരകത്തിലേയും മററും പദ്യങ്ങൾ ഉദ്ധരിച്ചു സമൎത്ഥിക്കാൻ ബദ്ധപ്പെടുന്ന മാന്യൻ "നാരീത്വതിപരിക്ലിഷ്ടാ യദാ പ്രക്ഷീണശോണിതാ. സൎവ്വഹേതുസമാചാരാദതിവൃദ്ധസ്തദാനിലഃ രക്തമാൎഗ്ഗേണസൃജതി പ്രത്യനീകകരം കഫം. ദുൎഗ്ഗന്ധം പിഛിലംപീതം വിദഗ്ദ്ധം പിത്തതേജസാ. വസാം മേദശ്ച യാവദ്ധിസമുപാദായവേഗവാൻ. സൃജത്യപത്യമാൎഗ്ഗേണ

സപ്പിർമ്മജ്ജാവസോപമം. ശശ്വൽസ്രവത്യഥാസ്രാവം തൃഷ്ണാ ദാഹജ്വരാന്വിതം" എന്നിങ്ങനെ ചരകത്തിൽ വിവരിക്കുന്ന ഭാഗവും കണ്ടിട്ടുണ്ടാവാം. സ്ത്രീകൾക്കും വസാദിധാത്വാശ്രയ മായ സ്രാവം മൂത്രമാർഗ്ഗേണതന്നെ ആയിരിക്കണമെന്നു ശഠിക്കുന്ന അദ്ദേഹം ഈ ഭാഗത്തേക്കുറിച്ചു ഒന്നു ചിന്തിക്കുമോ" എന്നു് അദ്ദേഹം ചോദിക്കുന്നു. എന്നാൽ ചരകത്തിൽ കാണുന്ന അസാധ്യത്വങ്ങളായ ആ പദ്യങ്ങൾ ചരകമുനിയാൽ പ ഠിക്കപ്പെട്ടവയാണെന്നു വിചാരിക്കാവുന്നതല്ല. "അതിവൃദ്ധ സ്തദാനിലഃ" എന്ന ഭാഗം നോക്കുമ്പോൾ "സവ്വഹേതുസമാ ചാരാൽ" എന്നതു വാതകോപഹേതുക്കളായ തിക്തോഷണ കഷായാല്പരുക്ഷാപ്രമിതഭോജനങ്ങളുടേയും ധാരണോദീരണ നിശാജാഗരാദികളുടേയും അനുഷ്ഠാനമാണല്ലോ. അപ്പോൾ വായു കോപിക്കുവാൻ അല്പഭോജനവും അപ്രമിതഭോജനവും വേഗധാരണവും വേഗോദീരണവും ആകുന്ന സർവഹേതു ക്കളേയും അനുഷ്ഠിക്കണമെന്നാണല്ലോ വരുന്നതു്. അല്പാപ്ര മിതഭോജനങ്ങളും ധാരണോദീരണങ്ങളും പരസ്പരവിരുദ്ധങ്ങ ളുമാണല്ലോ. അതുകൊണ്ടു് സർവഹേതുക്കളേയും സമാച രിച്ചിട്ടു വായുവിനു ഒരിക്കലും കോപിക്കുവാനോ വർദ്ധിക്കു വാനോ ഇടവരുന്നതല്ല. പക്ഷേ വായു വർദ്ധിക്കുവാൻ സ വ്വഹേതുക്കളേയും സമാചരിക്കണമെന്നില്ലെന്നു് "ചീയതേ ലഘുരൂക്ഷാദിരോഷധീഭിഃ സമീരണഃ" എന്ന പദ്യംകൊണ്ടും വായു കോപിക്കുവാനും സവ്ഹേതുക്കളേയും സമാചരിക്കണ മെന്നില്ലെന്നു "രൂക്ഷൈഃ സംഗ്രാഹിഭിർവ്വായുഃ സ്വസ്ഥാനേ കുപിതോബലീ" എന്ന പദ്യംകൊണ്ടും വാഗ്ഭടാചാര്യർ വ്യ ക്തമാക്കിയിട്ടുണ്ടു്. "ക്ഷതജാത്യത്ഥപ്രവൃത്തേർദ്ധാതുസംക്ഷ യാൽ—ക്രുദ്ധശ്ചലഃ" എന്നുള്ള വാഗ്ഭടവചനം നോക്കു മ്പോൾ വായു കോപിക്കുന്നതിനു പ്രക്ഷീണശോണിതാത്വം മാത്രം മതി എന്നും തോന്നും. അങ്ങിനെ ഇരിക്കുമ്പോൾ 'സ വ്വഹേതുസമാചാരാദതിവൃദ്ധസ്തദാനിലഃ' എന്നു ചരകമുനി പഠിക്കുവാൻ സംഗതി കാണുന്നില്ല. "പ്രത്യനീകകരം

കഫം" എന്നുള്ള പ്രയോഗവും സാധുവാണെന്നു വിചാരിക്കാവുന്നതല്ല. "പ്രത്യനീകകരം കഫം" എന്നതിനു ശത്രുസേനയെ ഉണ്ടാക്കുന്ന കഫം എന്നാണല്ലോ അൎത്ഥം. കഫം ശത്രുസേനയെ ഉണ്ടാക്കുന്നില്ലെന്നു പണ്ഡിതന്മാൎക്കൊക്കെ ബോധ്യമുള്ളതുമാണു്. "വസാം മേദശ്ച യാവദ്ധി..........സൎപ്പിൎമ്മജ്ജാവസോപമം" എന്ന പദ്യത്തിന്റെ അന്വയാൎത്ഥമാകട്ടെ യാതൊരിക്കൽ വേഗവാനായിരിക്കുന്ന അനിലൻ വസയേയും മേദസ്സിനേയും സമുപാദാനംചെയ്തിട്ടു് സൎപ്പിൎമ്മജ്ജാവസോപമമാക്കി അപത്യമാൎഗ്ഗത്തൂടെ സൃജിക്കുന്നു എന്നാണു്. വസയെ വസോപമമാക്കി സൃജിക്കുന്നു എന്നു പറഞ്ഞതുകൊണ്ടു് വസയെ അറിയാത്തവൎക്കു വസ ഇന്നവിധത്തിലുള്ളതാണെന്നു മനസ്സിലാകുന്നതല്ലല്ലോ. ഉപമാനം ഉപമേയത്തേക്കാൾ പ്രസിദ്ധമായി അറിയാനിടയുള്ളതായാൽ മാത്രമേ ഉപമാനമായി പണ്ഡിതന്മാർ പ്രയോഗിക്കാറുള്ളു എന്നു് "ഗോസദൃശോ ഗവയപദവാച്യഃ" എന്നുംമററുമുള്ള പ്രയോഗം നോക്കിയാലറിയാം. ദേവദത്തനെ അറിയാത്ത ഒരാളെ ദേവദത്തനെ മനസ്സിലാക്കാൻ വേണ്ടി "ദേവദത്തസദൃശോ ദേവദത്തഃ" എന്നു പണ്ഡിതന്മാരാരും പ്രയോഗിക്കാറില്ലല്ലോ. 'വസാമേഹീവസാമിശ്രം വസാം വാ മൂത്രയേന്മുഹുഃ' എന്നു വാഗ്ഭടാചാൎയ്യർ പഠിച്ചിട്ടുണ്ടല്ലോ. അവിടെ വസാതുല്യയായ വസയെ മൂത്രിപ്പിക്കും എന്നുള്ള അൎത്ഥം കിട്ടാവുന്നവിധം പ്രയോഗിക്കാഞ്ഞതു് വാഗ്ഭടാചാൎയ്യർ മൂഢനായിട്ടാണെന്നാണൊ? മി. പിള്ള വിചാരിക്കുന്നതു്. "യാവൽ" എന്നു പ്രയോഗിക്കുന്ന ദിക്കിൽ "താവൽ" എന്നുംകൂടി പ്രയോഗിക്കേണ്ടതാണു്. അങ്ങിനെ പ്രയോഗിച്ചിട്ടില്ലതാനും. 'താവൽ' എന്നു് ഒരു പദം അവിടെ ഉണ്ടായാലും യോജിപ്പിച്ചു് അൎത്ഥം പറയാൻ ഉപപത്തിയും കാണുന്നില്ല. "ശശ്വൽസ്രവത്യഥാസ്രാവം തൃഷ്ണാദാഹജ്വരാന്വിതം" എന്ന വാക്യത്തിന്റെ അന്വയാൎത്ഥം "അനന്തരം ആസ്രാവം തൃഷ്ണാദാഹജ്വരാന്വിതമാകുംവണ്ണം പിന്നെയും പിന്നെയും

സ്രവിക്കുന്നു" എന്നാണല്ലോ. ആസ്രാവം എന്നതു് ഒലിക്കയാണു്. അപ്പോൾ ഒലിക്കൽ ഒലിക്കുന്നു എന്നുള്ള അൎത്ഥം വന്നുകൂടുന്നു. അങ്ങിനെ ആരും പറയാറില്ലതാനും. അതുകൊണ്ടു് 'ഹേമന്തശിശിരൌ തുല്യൌ ശിശിരേല്പം വിശേഷണം-രൌക്ഷ്യമാദാനജം ശീതം മേഘമാരുതവൎഷജം' എന്നും മററും ചരകത്തിൽ കാണുന്ന അസാധ്വൎത്ഥങ്ങളായ പദ്യങ്ങളേപ്പോലെതന്നെ ചരകത്തിൽ കാണുന്ന 'നാരീതാതിപരിക്ലിഷ്ടാ' ഇത്യാദികളായ മി. പിള്ള ഉദ്ധരിച്ചിട്ടുള്ള ആ പദ്യങ്ങളും അസാധ്വൎത്ഥങ്ങളാകയാൽ ചരകമുനിയാൽ പഠിക്കപ്പെട്ടവയാണെന്നു് ഒരിക്കലും വിചാരിക്കാവുന്നതല്ല. ആ ഭാഗം ചരകമുനിയാൽ പഠിക്കപ്പെട്ടതല്ലെന്നു കരുതിത്തന്നെയാണു് സംഗ്രഹാഷ്ടാംഗഹൃദയകാരന്മാർ ആ ഭാഗത്തെ തങ്ങൾ ഉണ്ടാക്കിയ തന്ത്രങ്ങളിൽ വിവരിക്കാഞ്ഞതെന്നാണു് വിചാരിക്കേണ്ടതു്. 10-ാംവാല്യം 7-ാം ലക്കം സാരഥിയിൽ ഞാൻ ചരകത്തിലെ പല തെററുകളേയും ഉദ്ധരിച്ചിരുന്നവയെ മി. പിള്ള കണ്ടിട്ടുണ്ടായിരിക്കുമല്ലോ. വസ എന്നതു് ധാതുക്കളിൽ അന്തൎഭവിച്ചതല്ലായ്കയാൽ "വസാദിധാത്വാശ്രയമായ സ്രാവം" എന്നു മി. പിള്ള എഴുതിയിട്ടുള്ളതു് അബദ്ധംതന്നെയാണു്. വസാദ്യാശ്രയമല്ല സ്രാവം. വസാദികളുടെ സ്രാവം എന്നാണു് പറയേണ്ടതു്. സ്രാവം സ്രവിക്കുക എന്ന ക്രിയയാണു് അതിനു ആശ്രയം (ഇരിപ്പടം) ഒന്നും ഇല്ല.

"സൌമ്യമായ ശുക്ലം ഉരുകി മഞ്ഞനിറത്തേയും ദുൎഗ്ഗന്ധത്തേയും പ്രാപിച്ചു് ചൂടോടുകൂടി ലിംഗദ്വാരത്തുടെയോ യോനിദ്വാരത്തുടെയോ സ്രവിക്കുന്നു"എന്നു് അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. യോനിദ്വാരത്തുടയോ എന്നുള്ള അദ്ദേഹത്തിന്റെ പ്രസ്താവന പ്രത്യക്ഷത്തിൽ ശാസ്ത്രവിരുദ്ധമാണു്. 'ദഹല്ലിംഗം വിനിൎയ്യാതിശുക്ലം പിത്തേനദൂഷിതം' എന്നു മാത്രമേ ശാസ്ത്രഭാഗം കാണുന്നുള്ളു. ലിംഗശബ്ദത്തിനു് പ്രകൃതത്തിൽ യോന്യൎത്ഥംകൂടി കല്പിക്കാമെന്നു് ആചാൎയ്യനു്

വിവക്ഷയുണ്ടോ എന്നു് സംശയത്തിനുപോലും വഴിയില്ലെന്നു പ്രമാണം പ്രത്യക്ഷമായി തെളിവുതരുന്നു" എന്നും മി. പിള്ള പറഞ്ഞിട്ടുണ്ടു്.

എന്നാൽ ഞാൻ യോനിദ്വാരത്തൂടെയോ എന്നു പറയാൻ കാരണമെന്താണെന്നു പറയാം. സംഗ്രഹത്തിലെ ദോഷാദിവിജ്ഞാനീയത്തിൽ 'പിത്തംത്വചിസ്ഥിതം കുൎയ്യാദ്വിസ്ഫോടകമസൂരികാഃ................പൂതിപീതാവഭാസം ച ശുക്ലം ശുക്ലസമാശ്രിതം' എന്ന ഭാഗംകൊണ്ടു് പിത്തം കോപിച്ചു് ശുക്ലസ്ഥമായാൽ ശുക്ലത്തെ പൂതിയാക്കിയും പീതാവഭാസമാക്കിയും ചെയ്യുമെന്നു് വൃദ്ധവാഗ്ഭടാചാൎയ്യർ വ്യക്തമാക്കിയിട്ടുണ്ടല്ലോ. അവിടെ സ്ത്രീപുരുഷഭേദംകൂടാതെ പിത്തം ശുക്ലസമാശ്രിതമായാൽ ചെയ്യുന്ന കാൎയ്യത്തെയാണു് പറഞ്ഞിരിക്കുന്നതു്. അതുകൊണ്ടു് പിത്തം കുപിതമായിട്ടു പുരുഷശുക്ലത്തിൽ സ്ഥിതമായാൽ അതിനേയും സ്ത്രീശുക്ലത്തിൽ സ്ഥിതമായാൽ അതിനേയും പൂതിയാക്കിയും പീതാവഭാസമാക്കിയും ചെയ്യുമെന്നുതന്നെയാണല്ലോ വിചാരിക്കേണ്ടതു്. പിത്തദൂഷിതമായ പുരുഷശുക്ലം ലിംഗദ്വാരത്തൂടെ പുറത്തേക്കു പോകുമെങ്കിൽ പിത്തദൂഷിതമായ സ്ത്രീശുക്ലവും യോനിദ്വാരത്തൂടെ പുറത്തേക്കു പോകുമെന്നുള്ള സംഗതി നിർവിവാദമാണു്. എന്നാൽ ദുഷ്ടമായ പുരുഷശുക്ലം ലിംഗദ്വാരത്തൂടെ പുറത്തേക്കു പോകുമെന്നു് ചരകമുനി പറഞ്ഞിട്ടുണ്ടു്. അതുപോലെ ദുഷ്ടമായ സ്ത്രീശുക്ലം യോനിദ്വാരത്തൂടെ പുറത്തേക്കു പോകുമെന്നു് പറഞ്ഞിട്ടില്ലല്ലോ എന്നു വിചാരിക്കേണ്ടതില്ല. പുരുഷന്മാൎക്കും സ്ത്രീകൾക്കും ഒരുപോലെ ഉണ്ടാകുന്ന രോഗങ്ങളെ പറയുമ്പോൾ തന്ത്രകാരന്മാർ പുരുഷന്മാരെ ഉദ്ദേശിച്ചുമാത്രമേ പറയാവുള്ളൂ എന്നു് "വസ്തിവംക്ഷണമേഢ്രാൎത്തിയുക്തോഽല്പാല്പം മുഹുർമുഹുഃ-മൂത്രയേദ്വാതജേ കൃച്ഛ്രേ" എന്നു വാഗ്ഭടാചാൎയ്യർ പഠിച്ചിരിക്കുന്നതുനോക്കിയാലറിയാം. സ്ത്രീകൾക്കു മേഢ്രമില്ലായ്കയാൽ മേഢ്രാൎത്തിയുക്തകളായിട്ടു് സ്ത്രീകൾ മൂത്രിക്കുന്നതല്ല. അതുകൊണ്ടു് സ്ത്രീകൾക്കു്

വാതകൃഛ്റം ഉണ്ടാകില്ലെന്നല്ല തന്ത്രകാരന്റെ അഭിപ്രായം. അവൾക്കും വാതകൃഛ്റം ഉണ്ടാകുമെന്നുതന്നെയാണെന്നു ബുദ്ധിമാന്മാരായ വൈദ്യന്മാക്കറിയാവുന്നതാണ്. പിത്തദൂഷിതമായ സ്ത്രീശുക്ലം യോനിദ്വാരത്തൂടെ സ്രവിക്കുന്നു എന്നു ചരകമുനി പറഞ്ഞിട്ടില്ല. അതുകൊണ്ടു ഞാൻ യോനിദ്വാരത്തൂടെയോ സ്രവിക്കുന്നു എന്നു പറഞ്ഞിട്ടുള്ളതു ശാസ്ത്രവിരുദ്ധമാണെന്നും സാഹസമാണെന്നും പറഞ്ഞിരിക്കുന്ന ആ മാന്യശിരോമണിക്കു എത്രമാത്രം ബുദ്ധിയുണ്ടെന്നു പണ്ഡിതന്മാർ ചിന്തിച്ചുകൊള്ളട്ടെ.

"തസ്മാദാദോഷപചനാജ്ജ്വരിതാനുപവാസയേൽ"എന്നു ജ്വരചികിത്സിതത്തിൽ പഠിച്ചിരിക്കുന്നതും "കഫെ വൃദ്ധെ ഉരഃശിരഃ-ദാല്യേതേ കാസിനോ യസ്യ സ നാ ധൂമാന്നിമാൻ പിബേൽ" എന്നു കാസചികിത്സിതത്തിൽ പഠിച്ചിരിക്കുന്നതും "തദാത്ത്വം ച പൂർവ്വം സ്വേദൈരുപാചരേൽ" എന്നു ശ്വാസഹിദ്ധ്മാചികിത്സിതത്തിൽ പഠിച്ചിരിക്കുന്നതും "ബലിനോബഹുദോഷസ്യ സ്നിഗ്ദ്ധസ്വിന്നസ്യശോധനം-ഊർദ്ധ്വാധോയക്ഷ്മിണഃ കുർയ്യാൽ" എന്നു രാജയക്ഷ്മചികിത്സിതത്തിൽ പഠിച്ചിരിക്കുന്നതും "തൃഷ്യൻ പൂർവ്വാമയക്ഷീണോ ന ലഭേത ജലം യദി-മരണം ദീർഘരോഗം വാ പ്രാപ്നുയാൽ" എന്നു തൃഷ്ണാചികിത്സിതത്തിൽ പഠിച്ചിരിക്കുന്നതും 'രക്തം വിൾസംഹിതംപൂർവ്വം പശ്ചാദ്വാ യോതിസാര്യ്യതെ-ശതാവരീഘൃതം തസ്യലേഹാത്ഥമുപകല്പയേൽ' എന്നു അതീസാരചികിത്സിതത്തിൽ പഠിച്ചിരിക്കുന്നതും പുരുഷന്മാരെ ഉദ്ദേശിച്ചാകയാൽ ജ്വരവും കാസവും ശ്വാസഹിദ്ധ്മകളും രാജയക്ഷ്മാവും തൃഷ്ണയും അതീസാരവും പുരുഷന്മാക്കല്ലാതെ സ്ത്രീകൾക്കുണ്ടാകുന്നതല്ലെന്നും മി. പിള്ള പെരിമ്പറ കൊട്ടുമെന്നാണു തോന്നുന്നതു്. ഇവ ഉദാഹരണങ്ങളാണു്. ഈ സംഗതിയേപ്പററി ഇതുപോലെ പലതും പറയാനുണ്ടു്. അവയെ ഇവിടെ വിസ്തരിക്കുന്നില്ല.

'സ്ത്രീശുക്ലത്തിനും പുരുഷശുക്ലത്തിനും തമ്മിൽ പറയത്തക്ക എന്തെല്ലാം വ്യത്യാസങ്ങൾ ആണു് ഉള്ളതെന്നു മി. മേനോൻ അറിഞ്ഞിട്ടുണ്ടോ?' എന്നു് മി. പിള്ള ചോദിച്ചിരിക്കുന്നു. എന്നാൽ ചരകാദികളിൽ പുരുഷശുക്ലത്തിന്റെ ദോഷങ്ങളേയും ഗുണങ്ങളേയും പറഞ്ഞുകാണുന്നുണ്ടു്. സ്ത്രീശുക്ലത്തിന്റെ ദോഷങ്ങളേയും ഗുണങ്ങളേയും പ്രത്യേകം പറയായ്കകൊണ്ടു് സ്ത്രീശുക്ലത്തിന്റെ ദോഷഗുണങ്ങളും മേൽപ്രകാരം തന്നെയാണെന്നേ വിചാരിപ്പാൻ യുക്തി കാണുന്നുള്ളു. മി. പിള്ള ഏതെങ്കിലും തരത്തിൽ സ്ത്രീപുരുഷശുക്ലങ്ങളുടെ വ്യത്യാസങ്ങളെന്തെല്ലാമാണെന്നറിഞ്ഞിട്ടുണ്ടെങ്കിൽ അതു് മി. പിള്ളയുടെ ഉള്ളിലിരുന്നാൽമതി. അതാൎക്കും അറിയേണ്ട ആവശ്യമുണ്ടാകുമെന്നുതോന്നുന്നില്ല. പിത്തദൂഷിതമായ സ്ത്രീശുക്ലം യോനിദ്വാരത്തൂടെ സ്രവിക്കുന്നു എന്നുപറയുന്നതിനു് സ്ത്രീപുരുഷശുക്ലങ്ങളുടെ വ്യത്യാസങ്ങൾ അറിയേണ്ടതായ ആവശ്യമില്ലെന്നു മി. പിള്ള ധരിക്കാഞ്ഞതിൽ അത്യത്ഭുതം തോന്നുന്നു.

"പുരുഷശുക്ലത്തിന്റെ സ്വഭാവഗുണകൎമ്മങ്ങളെ വിവരിക്കുന്നിടത്തു് സ്ത്രീയുടെ ആൎത്തവത്തെക്കുറിച്ചുമാത്രമേ വിവരിച്ചുകാണുന്നുള്ളു. അതിന്റെ ഉദ്ദേശമെന്താണെന്നു മി: മേനോൻ ഗാഢമായി അല്പമൊന്നു ചിന്തിക്കണം. രണ്ടും ഒരേതരത്തിലായതുകൊണ്ടാണു് വിവരിക്കാത്തതെന്നു സമാധാനം കാണുന്നുവെങ്കിൽ ആൎത്തവത്തേപ്പറ്റി ഇത്രത്തോളം കാൎയ്യമായി ആചാൎയ്യൻ വിവരിച്ചുക്ലേശിക്കേണ്ട ആവശ്യമില്ലായിരുന്നുവെന്നു് മനസ്സിലാക്കുന്നതിനു സാമാന്യബുദ്ധിശക്തി മതിയാകുന്നതാണു്" എന്നും മി. പിള്ള പറഞ്ഞിട്ടുണ്ടു്. "രണ്ടും ഒരേതരത്തിലായതുകൊണ്ടാണു് വിവരിക്കാത്തതെന്നു സമാധാനം കാണുന്നുവെങ്കിൽ" എന്നതിനു പുരുഷശുക്ലവും സ്ത്രീശുക്ലവും ഒരേതരത്തിലായതുകൊണ്ടാണു് സ്ത്രീശുക്ലത്തേപ്പറ്റി ഒന്നും പറയാഞ്ഞതെന്നു ഞാൻ സമാധാനം പറയുന്നു എങ്കിൽ എന്നുള്ള അൎത്ഥമാണു് അദ്ദേഹം

വിചാരിക്കുന്നതെന്നു ഞാൻ പ്രകൃതംകൊണ്ടു് ഊഹിക്കുന്നു. പക്ഷെ പുരുഷന്മാരും സ്ത്രീകളും ഒരേതരത്തിലായതു കൊണ്ടാണു് സ്ത്രീകളേപ്പററി ഒന്നും തന്ത്രകാരന്മാർ പറയാഞ്ഞതെന്നു പറയുന്ന ആളോടു് ആത്മവത്തേപ്പററി ഇത്രത്തോളം കാൎയ്യമായി ആചാൎയ്യൻ വിവരിച്ചു ക്ലേശിക്കേണ്ട ആവശ്യമില്ലായിരുന്നു എന്നു് പരസ്പരസംബന്ധംകൂടാതെ പ്രലപിക്കുന്ന മി. പിള്ള ഹനുമാൻ സമുദ്രലംഘനം ചെയ്തു എങ്കിൽ ഉൎവ്വശി അൎജ്ജുനനെ ശപിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ലല്ലോ എന്നും മററുമുള്ള അസംബദ്ധ പ്രലാപങ്ങളേയും ചെയ്യുമെന്നാണു് തോന്നുന്നതു്.

“ഗൃഹസ്ഥാശ്രമം വഴിപോലെ അനുഷ്ഠിക്കുന്നതു് ഏററവും ഉത്തമമാണെന്നൊരാൾ പറഞ്ഞിരുന്നതിനു് മി. മേനോൻ ഇപ്പോൾ ഇത്രത്തോളം ക്ഷോഭിച്ചു് മനുഷ്യരെ വിഷമിപ്പിക്കുന്നതിനു അരയും തലയും മുറുക്കി ബദ്ധകങ്കണനായി ഇറങ്ങിയിരിക്കുന്നതിൻെറ അൎത്ഥവും മനസ്സിലാകുന്നില്ല” എന്നും മി. പിള്ള പറഞ്ഞിട്ടുണ്ടു്. അദ്ദേഹം പറഞ്ഞപ്രകാരം വൈദ്യസാരഥിയിൽ ഇതേവരെ ആരും എഴുതിക്കാണുക ഉണ്ടായില്ല. ഞാൻ മനുഷ്യരെ വിഷമിപ്പിക്കുവാൻ പുറപ്പെട്ടുകയും ഉണ്ടായിട്ടില്ല. അരയും തലയും മുറുക്കുക എന്നതു് യുദ്ധത്തിനുപുറപ്പെടുമ്പോൾ ആണു് ചെയ്യേണ്ടതു്. ഞാൻ യുദ്ധത്തിനു പുറപ്പെടാറില്ല. അതുകൊണ്ടു് ആ സംഗതി എനിക്കു ചെയ്യേണ്ടതായി വന്നിട്ടില്ല. ബദ്ധകങ്കണനാവുക എന്നതു് യുദ്ധയാത്രക്കും ആവശ്യമാണോ എന്നു് സംശയമാണു്.

സ്പൎദ്ധയാ യാതി കേഷാംചിദവിചാരോ ദോഷഗോചരഃ
തൃണായ തമഹംമന്യേ വിദ്വാംസഃ സന്തിഹിക്ഷിതൗ.

# ആയുർവ്വേദപരിഷ്ക്കരണം
## അതെങ്ങിനെ സാധിക്കാം?

(തുടർച്ച VI)

### ആയുർവ്വേദഭ്രഷണം

(Pt. എൻ. കേശവൻ എമ്പ്രാന്തിരി, ഒല്ലൂർ.)

മുൻ പ്രസ്താവിച്ചവിധം ഗ്രന്ഥങ്ങൾ പരിഷ്കരിക്കുകയും അവയുടെ വ്യവസ്ഥാപിതവും ഏകരൂപവുമായ ഒരു പാഠ പദ്ധതിയൊ അഥവാ പദ്ധതികളോ ഏർപ്പെടുത്തുവാൻ സാധിക്കുകയും ചെയ്താൽ ഭാരതീയവൈദ്യന്മാർക്ക് പരസ്പരം കൂടുതൽ അടുക്കുവാനും ആശയവിനിമയം സാധിക്കുവാനും തദ്വാരാ നമ്മുടെ ചികിത്സാശാസ്ത്രത്തിന്നു കൂടുതൽ പ്രശസ്തിയും പ്രചാരവും സിദ്ധിക്കുവാൻ ഇടവരുന്നതുമാണല്ലോ. മേൽ പറഞ്ഞ സംഗതികൾ സാധിച്ചുകഴിഞ്ഞാൽ പിന്നെ നമ്മുടെ ശ്രദ്ധ പാഠശാലകളിലേക്കാണ് തിരിയേണ്ടതു്.

അദ്ധ്യയനത്തിനു തിരഞ്ഞെടുക്കുന്ന ഓരോ ഗ്രന്ഥങ്ങളും പഠിപ്പിക്കുവാൻ അതാതു വിഷയങ്ങളിൽ ശാസ്ത്രീയമായും നിപുണത്തിയുള്ളടത്തോളം പ്രായോഗികമായും വിജ്ഞാനമുള്ളവരെ നിയമിക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. പ്രായോഗികപരിശീലനത്തിനുള്ള സകല സൌകര്യങ്ങളും അതായതു് ശരീരഘടനയെപ്പററി സൂക്ഷ്മജ്ഞാനം സിദ്ധിക്കേണ്ടതിലേക്ക് മനുഷ്യകങ്കാളം പ്രദർശിപ്പിക്കുക, മൃതക പരിശോധനക്കു വേണ്ടതായ സൌകര്യങ്ങൾ ഏർപ്പെടുത്തുക ഇതെല്ലാം അത്യാവശ്യമാണ്. വെറും ശാസ്ത്രപാരായണം കൊണ്ടുമാത്രം നമ്മുടെ ഉദ്ദേശം അതായതു രുക്പ്രതീകാരകരണസാമർത്ഥ്യസിദ്ധി ഉണ്ടാകയില്ലല്ലൊ. ഈ വിഷയത്തിൽ

ശാസ്ത്രദൃഷ്ടിക്കും പ്രത്യക്ഷദൃഷ്ടിക്കും സമപ്രാധാന്യമാണു് പൂർവ്വാചാര്യന്മാർ നൽകിയിട്ടുള്ളതെന്ന പരമാർത്ഥമാണല്ലോ.

"പ്രത്യക്ഷതോഹിയദ്ദൃഷ്ടം ശാസ്ത്രദൃഷ്ടഞ്ചയൽഭവേൽ
സമാസതസ്തദുഭയം ഭൂയോ ജ്ഞാനവിവർദ്ധനം"

എന്ന സുശ്രുതവചനം പ്രദർശിപ്പിക്കുന്നതു്. മൃതകപരിശോധനയുടെ പ്രായോഗികവശത്തെപ്പററി "തസ്മാൽ സമസ്തഗാത്രമവിഷോപഹതമദീർഘവ്യാധിപീഡിതം" എന്നിത്യാദി ഗ്രന്ഥംകൊണ്ടു് വിവരിച്ചിട്ടുമുണ്ടു്.

പക്ഷെ, ദൌർഭാഗ്യവശാൽ ആയുർവേദത്തിൽ ഈ വക വിഷയങ്ങളൊന്നും ഇല്ലെന്നുപോലും മററുള്ളവർക്കു് ധാരണയുണ്ടാകത്തക്കവിധം നാമിന്നു് ആ വിഷയത്തിൽ പശ്ചാൽകൃതരായിരിക്കുന്നു.

അതുകൊണ്ടു് നമ്മുടെ പാഠശാലകളിൽ തല്ക്കാലം ശസ്ത്രചികിത്സാപരിശീലനത്തിന്നു ഇന്നു അംഗവിഛേദനവിദ്യയിൽ വൈദഗ്ദ്ധ്യം നേടിട്ടുള്ള അലോപ്പതി വൈദ്യന്മാരെയും നിയമിക്കേണ്ടിയിരിക്കുന്നു. എന്നാൽ അവർ ആയുർവ്വേദഗ്രന്ഥങ്ങൾ കൂടി പഠിച്ചിട്ടുള്ളവരായിരിക്കുവാൻ തരപ്പെട്ടുമെങ്കിൽ അതു കൂടുതൽ അഭിലഷണീയമായിരിക്കും. എന്തെന്നാൽ ആയുർവേദഗ്രന്ഥങ്ങളിൽ ചില ശസ്ത്രക്രിയകൾക്കു് നിർദ്ദേശിച്ചിട്ടുള്ള സംജ്ഞകൾ അതായതു്

"പാശ്വംഗതേനശസ്ത്രേണ ഛേദോ ഗോതീർത്ഥകോമതഃ"

"സർവ്വതഃസർവ്വതോഭദ്രഃ പാശ്വചേദോർദ്ധലാംഗലഃ"

എന്നിത്യാദി ഭഗന്ദരത്തിൻെറ ഓപ്പറേഷൻ പ്രകരണത്തിലും മററും കാണുന്നവയിൽ ഇന്നിന്ന സംജ്ഞകൊണ്ടു് നിർദ്ദേശിച്ച ക്രിയ ഇന്നവിധമാണു് ചെയ്യേണ്ടതു് എന്നു നാമക്രിയകളെ കൂട്ടിയിണക്കി വിദ്യാർത്ഥികൾക്കു് അതാതു പദങ്ങളുടെ അർത്ഥഭേദപ്രയുക്തങ്ങളായ ക്രിയാഭേദങ്ങളെ സ്പഷ്ടമായി ഗ്രഹിക്കുവാൻ തക്കവണ്ണം പറഞ്ഞുമനസ്സിലാക്കുവാൻ അവർക്കു് കഴിയുമെല്ലോ.

പക്ഷെ, ഉഭയശാസ്ത്രവിചക്ഷണന്മാരായവരും അവരിൽതന്നെ, ആയുർവേദത്തെ ഇന്നുള്ള പോരായ്മകൾ പരിഹരിച്ച് പരിപൂർണ്ണമാക്കണമെന്നുള്ള അഭിലാഷവും അഭിനിവേശവും ഉള്ളവരും തുലോം വിരളമാണ്. എങ്കിലും ഇന്നു പരിശ്രമിച്ചാൽ നമുക്ക് നിഷ്ഫലാരംഭയത്നന്മാരായും പരിഭവപാദങ്ങളായും തീരാതെ കഴിക്കാമെന്നും തോന്നുന്നു.

പിന്നീട് ഔഷധപരിചയത്തെപ്പററിയാണ് നമ്മുടെ ചിന്ത വ്യാപരിക്കേണ്ടതു്. ആ വിഷയത്തിൽ ഇന്നത്തെ വൈദ്യലോകം മരുന്നുകടക്കാരുടെ പരമമായ കരുണാകടാക്ഷത്തിന്നു അടിമപ്പെട്ടാണ് കഴിയുന്നതു് എന്നു പറഞ്ഞാൽ അതിൽ അതിശയോക്തിക്കുള്ള സ്ഥാനം അല്പവുമില്ല. എന്നാൽ അവർ പരമകാരുണികന്മാരാണേ! ആവശ്യപ്പെട്ടാൽ അന്തരീക്ഷമൂലംകൂടി കൃത്യസമയത്തു് എത്തിച്ചുതരും. അങ്ങിനെ ചിലരില്ലെങ്കിൽ നാമെങ്ങിനെ പിഴയ്ക്കും ആണ്! * നമുക്ക് കുറുന്തോട്ടിപോലും കണ്ടാലറിയാതായിത്തുടങ്ങിയിരിക്കുന്നു. കടക്കാരൻ തരുന്നതു കുറുന്തോട്ടി, ഇങ്ങിനെ പരസ്പരം അജ്ഞതയേയും അതിദൂരതയേയും വിനിമയം ചെയ്തു് പണമുണ്ടാക്കുന്നു, അത്യന്തം അപഹാസ്യമായ ഈ നിലയെനമുക്ക് മാററാതെ തരമില്ല. സാമാന്യമായി ഒരു വൈദ്യബിരുദം ധരിച്ച് ലോകരംഗത്തിൽ പ്രവേശിക്കുന്ന ഓരോരുത്തർക്കും ഔഷധങ്ങളെ തിരിച്ചറിയുവാനുള്ള നൈപുണ്യം അദ്ധ്യയനകാലത്തുണ്ടാക്കിക്കൊടുക്കണം. അതിലേക്ക് പാഠശാലകളോടനുബന്ധിച്ച് ഔഷധത്തോട്ടങ്ങൾ വളർത്തിക്കൊണ്ടുവരേണ്ടതാണ്. ഇന്നു് പല പ്രധാനപ്പെട്ട ആയുർവ്വേദസ്ഥാപനങ്ങളുടെ സങ്കേതഭൂമിയിൽപോലും കാടും പടലുംപിടിച്ചുകിടക്കുന്നതും ചുരുക്കം ചിലയിടത്തു് ചേമ്പും കിഴങ്ങും കുറേശ്ശ നട്ടിട്ടുള്ളതും കാണാവുന്നതാണ്. അഹോ! കഷ്ടം

* ഉണ്ടായാൽ പിഴയ്ക്കാമല്ലോ. Editor.

എന്നല്ലാതെ അതിനേപ്പററി എന്തുപറയട്ടെ. ഇങ്ങിനെ നമുക്ക് തെററതീൎത്തു പരിഷ്ക്കരിച്ച ഗ്രന്ഥങ്ങളും അവയെ പഠിപ്പിക്കുവാൻ ഉത്തമന്മാരായ അദ്ധ്യാപകന്മാരും പാഠശാലകളും അവയോടനുബന്ധിച്ച് പ്രായോഗികപരിശീലനത്തിന്നു സൌകൎയ്യപ്പെടുവാൻ ആതുരാലയങ്ങളും ഔഷധാരാമങ്ങളും ഉണ്ടാക്കുകയും ഉത്സാഹശീലത്തൊടും ക്ഷമയൊടും ശാസ്ത്രത്തിൽ ശ്രദ്ധയൊടും ഗുരുഭക്തിയൊടുംകൂടി വിദ്യാൎത്ഥികൾ അദ്ധ്യയനം നടത്തുകയും ചെയ്താൽ ആയുൎവ്വേദംകൊണ്ടു് ആദിവൈദ്യൻ ഉദ്ദേശിച്ചിട്ടുള്ള ഫലം നമുക്ക് സിദ്ധിക്കുമെന്നാണു് തോന്നുന്നതു്. പക്ഷാന്തരത്തിൽ നമുക്ക് മററുവഴികൾ ആരാഞ്ഞുനോക്കുകയും ചെയ്യാം. ഈവിധത്തിലാണു് നാം ആയുൎവ്വേദപരിഷ്ക്കരണം സാധിക്കേണ്ടതു്. അതുകൂടാതെ ആയുൎവ്വേദത്തിൻെറ യഥാൎത്ഥമായ ജ്ഞാനസമ്പാദനത്തിനുപോലും ക്ഷമിക്കാതെയുള്ള ഇന്നത്തെ പരിഷ്ക്കാരകോലാഹലം യഥാൎത്ഥത്തിൽ ആയുർവേദത്തിൻെറനേരെ നാം പ്രകടിപ്പിക്കുന്ന തിരസ്ക്കാരകോലാഹലമായിട്ടാണു് പരിണമിക്കുക എന്നാണു് എൻെറ വിനീതമായ അഭിപ്രായം.

---

# അസ്ഥിസ്രാവം.

---

(എസ്സ്. രാമകൃഷ്ണവാൎയ്യർ, വൈദ്യകലാനിധി, തൊടുപുഴ.)

വൈദ്യൻ പി. രാമൻ മേനോൻ അവർകൾ വൈദ്യസാരഥിയുടെ 11-ാം വാല്യം 10-ം 12-ം ലക്കങ്ങളിലായി അസ്ഥിസ്രാവത്തേപ്പററി എഴുതിയിരുന്നതു് വായിക്കുകയുണ്ടായി. എന്നാൽ അദ്ദേഹം പ്രസ്താവിച്ചിരിക്കുന്ന സംഗതികൾക്ക് മറുപടി പറയുന്നതിനു മുമ്പായി ഒരു ചെറിയ കാൎയ്യം സൂചിപ്പിക്കുവാനാഗ്രഹമുണ്ടു്. ഏതു വിഷയത്തേപ്പററിയും വാദപ്രതിവാദം ചെയ്യുമ്പോൾ ചില മൎയ്യാദകളെ

അനുസരിക്കേണ്ടതായുണ്ടല്ലോ. അഭിപ്രായത്തിനുള്ള വിഷ
യത്തിൽ എത്രകണ്ടു് മനസ്സു ചെലുത്തുന്നുവോ അതിൽ ഒട്ടും
കുറയാതെതന്നെ മററു കാൎയ്യങ്ങളും ശ്രദ്ധിക്കേണ്ടതാണു്. എ
ല്ലാവരും ഒരുപോലെ പണ്ഡിതന്മാരായിരുന്നെന്നുവരുകില്ല.
അതുപോലെ എത്രവലിയ പണ്ഡിതനും തെററുപററാവു
ന്നതുമാണു്. പാണ്ഡിത്യമുള്ളവൻ ഒരു തെററു പറഞ്ഞാൽ
അതിനെ "ശരി"യായിട്ടു് അംഗീകരിക്കണമെന്നോ പാണ്ഡി
ത്യമില്ലാത്ത ഒരാൾ ഒരു ശരി പറഞ്ഞാൽ അതിനെ തെററാ
യി സ്വീകരിക്കണമെന്നോ ആരും പറഞ്ഞുകേട്ടിട്ടില്ല. തെ
ററു് ആരുപറഞ്ഞാലും അതു തെററും ശരി ആരു പറഞ്ഞാ
ലും അതു ശരിയും ആയിരിക്കാനേ നിവൃത്തിയുള്ളു. തെററി
ല്ലെങ്കിൽ ശരിയും ശരിയില്ലെങ്കിൽ തെററും അറിവാൻ പ്ര
യാസമാണല്ലോ. അതുകൊണ്ടു് അറിവില്ലാതെ ആരെങ്കി
ലും തെററു പറഞ്ഞാൽ അറിവുള്ളവർ ആ തെററിനെ തിരു
ത്തി ശരി ഇന്നവിധമാണെന്നു മനസ്സിലാക്കിക്കൊടുക്കുകയാ
ണു് വേണ്ടതു്. അല്ലാതെ അപഹസിക്കേണ്ട ആവശ്യമു
ണ്ടെന്നു തോന്നുന്നില്ല. ഗൃഹസ്ഥാശ്രമത്തേപ്പററി ഡാക്ടർ
പി. എൻ. പിള്ള അവർകൾ എഴുതിയിരുന്നതു് സദസ
ദ്വിവേചനസമൎത്ഥമായ ബുദ്ധിയില്ലായ്കകൊണ്ടാണെന്നും
നാരദാദികൾ ബ്രഹ്മചാരികളായി കഴിഞ്ഞതു് ആ ലേഖക
നേപ്പോലെ ബുദ്ധിയില്ലായ്കകൊണ്ടായിരിക്കാമെന്നും മററും
പ്രസ്താവിച്ചിട്ടുള്ളതു് പ്രത്യക്ഷത്തിൽതന്നെ അപഹാസ്യസൂ
ചകമാണെന്നറിയുവാൻ ആൎക്കും സാധിക്കുന്നതാണു്. വാദ
പ്രതിവാദപരമായ മിക്ക ലേഖനങ്ങളിലും മി. മേനോൻ
ഈ വക രീതിയിൽ എഴുതാറുണ്ടെന്നു് അദ്ദേഹത്തിൻെറ
ലേഖനങ്ങൾ വായിച്ചിട്ടുള്ളവൎക്കെല്ലാം ഞാൻ പറയാതെത
ന്നെ അറിയാമായിരിക്കാം. അദ്ദേഹത്തെ ഞാൻ അപഹ
സിക്കുവാൻ ഉദ്ദേശിച്ചു എന്നു് പറഞ്ഞുകാണുന്നു. അദ്ദേഹം
അന്യന്മാരെക്കുറിച്ചു എഴുതുന്നതിൻെറ നാലിലൊരംശംപോ
ലുംഅപഹാസ്യസൂചകമായവാക്കുകൾഎൻെറലേഖനത്തിൽ

ഉണ്ടായിരുന്നില്ല. എന്നിട്ടും മി. മേനോന്ന് ആവിധം തോന്നിയപ്പോഴ് ഓരോ സമയത്തു് അദ്ദേഹത്തിന്റെ പ്രതിപക്ഷത്തു വന്നിട്ടുള്ളവക്ക് എത്രമാത്രം വിഷമത തോന്നിയിട്ടുണ്ടായിരിക്കുമെന്നു് ഒന്നാലോചിച്ചാൽ മനസ്സിലാകുന്നതാണു്. കാൎയ്യങ്ങൾ തുറന്നുപറയുന്നതിൽ സന്തോഷമുണ്ടു് എന്നു് ഞാൻ പറഞ്ഞതു് മി. മേനോനെ പരിഹസിക്കണമെന്നുദ്ദേശിച്ചിട്ടല്ല എന്നു് വ്യക്തമാക്കുവാൻ ആഗ്രഹിക്കുന്നു, അതു് കേവലം പരമാൎത്ഥംമാത്രമാണു്. യാതൊരു ക്ലേശവുംകൂടാതെ സ്വാഭിപ്രായം പ്രകടിപ്പിക്കുന്നതിനുള്ള കഴിവു് മി. മേനോന്റെ ഒരു പ്രത്യേകതയാണു്. അതു് എല്ലാവരിലും കാണുന്ന ഒന്നല്ല. അതു ഞാൻ പറഞ്ഞതു് അദ്ദേഹം തെററിദ്ധരിച്ചുവെന്നുള്ളതിൽ ഞാൻ ഖേദിക്കുന്നു. ഏതായാലും ഒരു കാൎയ്യം തുറന്നുപറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. വ്യക്തിപരങ്ങളായ വിമൎശനങ്ങൾകൊണ്ടും ആത്മപ്രശംസാലേശംകൊണ്ടും അദ്ദേഹം തന്റെ ലേഖനങ്ങളെ മലിനപ്പെടുത്താതിരിക്കുന്നപക്ഷം വൈദ്യസാരഥി വായനക്കാൎക്ക് ശ്രീ. മേനോന്റെ പ്രയത്നം ഒരനുഗ്രഹംതന്നെയായിരിക്കും. അതില്ലെങ്കിൽ അദ്ദേഹത്തിന്റെ ലേഖനങ്ങൾ വായിക്കുമ്പോൾ നീരസം തോന്നുന്നവരോടു് പരിഭവിച്ചിട്ടും, ആരെങ്കിലും അദ്ദേഹം പറയുന്ന രീതിയിൽതന്നെ മറുപടി പറയുമ്പോൾ അവരോടു കോപിച്ചിട്ടും ആവശ്യമില്ലാത്തതല്ലേ. അതുകൊണ്ടു് അദ്ദേഹം അറിഞ്ഞോ അറിയാതെയോ ലേഖനങ്ങളിൽ കടന്നുകൂടാറുള്ള മേല്പറഞ്ഞ രീതികൾ മേലിലെങ്കിലും മാററുമെന്നും അങ്ങിനെ അദ്ദേഹത്തിന്റെ ലേഖനങ്ങൾ വൈദ്യലോകത്തിനു കൂടുതൽ ഉപകാരപ്രദമാക്കിത്തീൎക്കുമെന്നും വിശ്വസിക്കുകയും അതിനുവേണ്ടി അപേക്ഷിക്കുകയും ചെയ്യുവാൻ ഈ സന്ദർഭത്തെ ഞാൻ ഉപയോഗിച്ചുകൊള്ളട്ടെ. കൂടാതെ വൈദ്യസാരഥിയുടെ 12-ാം വാല്യം 1-ാം ലക്കത്തിൽ കണ്ടതായ സമയോചിതമായ ഉപദേശത്തിനുള്ള അഭിനന്ദനവും ഇവിടെ രേഖപ്പെടുത്തുവാനാഗ്രഹിക്കുന്നു.

ഇതിനുംപുറമെ വാദപ്രതിവാദത്തിനു ഇറങ്ങുന്ന ഓരോ വൈദ്യനും ചരകം വിമാനസ്ഥാനം 8-ാം അദ്ധ്യായത്തിലുള്ള വാദമൎയ്യാദകളെ മനസ്സിരുത്തി പഠിക്കേണ്ടതാണെന്നും എനിക്കു തോന്നുന്നു. അങ്ങിനെയായാൽ കേവലം വിതണ്ഡതാവാദത്തിനു് ഒരിക്കലും ഇടം ഉണ്ടാകുന്നതല്ല. ഇനി മി. മേനോൻ പറഞ്ഞിട്ടുള്ള ഓരോ സംഗതിക്കും പ്രത്യേകം പ്രത്യേകം എൻെറ കഴിവനുസരിച്ചു് മറുപടി പറയുവാൻ ശ്രമിക്കാം.

അസ്ഥിസ്രാവമെന്നൊന്നില്ലാത്തതിനാൽ യോനിയിൽനിന്നും പീതവൎണ്ണമായി ഒരു സ്രാവമുണ്ടാകുന്നതിൻെറ പേർ ശുക്ലസ്രാവം എന്നു പറഞ്ഞുവെന്നേയുള്ളു എന്നു് പ്രസ്താവിച്ചുകാണുന്നുണ്ടു്. ഈ രീതിയിൽതന്നെ:—

ഹാരിദ്രവൎണ്ണം രക്തംവാ
മേഹപ്രാഗ്രൂപവൎജ്ജിതം
യോ മൂത്രയേന്നതം മേഹം
രക്തപിത്തം തു തം വിദുഃ.

എന്നു് വാഗ്ഭടനും പഠിച്ചുകാണുന്നതായും അദ്ദേഹം പറയുന്നു. വാഗ്ഭടൻ പറഞ്ഞരീതിയിൽ നിന്നും വളരെ വ്യത്യസ്തമാണു് ശുക്ലസ്രാവമെന്നു പേരിട്ടതു് എന്നു സൂക്ഷിച്ചാലറിയാം. നിദാനലക്ഷണങ്ങളോടുകൂടി പ്രമേഹത്തെ വിവരിച്ചിട്ടു് മേൽപറഞ്ഞ വ്യത്യാസം കാണിച്ചിട്ടു് അങ്ങിനെ കണ്ടാൽ അതിനെ പ്രമേഹത്തിൽ ഉൾപ്പെടുത്തരുതെന്നും രക്തപിത്തമെന്നു് മനസ്സിലാക്കണമെന്നുമാണല്ലോ വിചാരിക്കേണ്ടതു്. അസ്ഥിസ്രാവത്തിൻെറ നിദാനലക്ഷണങ്ങൾ വിവരിച്ചിട്ടു് അതിൽനിന്നും ഇന്ന വ്യത്യാസത്തോടുകൂടി കാണുന്നതു് അസ്ഥിസ്രാവമല്ല ശുക്ലസ്രാവമാണു് എന്നു പറഞ്ഞിരുന്നെങ്കിൽ വാഗ്ഭടൻെറ പ്രസ്താവവുമായി സാദൃശ്യമുണ്ടെന്നു് അംഗീകരിക്കാമായിരുന്നു. എന്നാൽ അസ്ഥിസ്രാവമെന്നും ശുക്ലസ്രാവമെന്നും പ്രത്യേകം പ്രത്യേകം നിദാനലക്ഷണങ്ങളോടുകൂടി രണ്ടു വ്യാധികൾ സ്വതന്ത്രങ്ങളായി

കാണുന്നതുകൊണ്ടു് അവകളേ തമ്മിൽ കൂട്ടിക്കഴയ്ക്കുന്ന ലക്ഷണവൈഷമ്യങ്ങൾ ഇല്ലാത്തതിനാലും മുൻപറഞ്ഞവിധം സാദൃശ്യം വരുത്തിയാലും ആ പ്രസ്താവനയ്ക്കു് അർഹതയില്ലാത്തതാകുന്നു. വാഗ്ഭടൻ ഒരു സംശയത്തെ മാററുന്നതിനുവേണ്ടി അങ്ങിനെ പറഞ്ഞു. അതായതു് ഹാരിദ്രവർണ്ണമായിട്ടോ രക്തമായിട്ടോ ധാരാളം മൂത്രം പോകുന്നു; അവിടെ മേഹപ്രാഗ്രൂപങ്ങളില്ലെങ്കിൽ രക്തപിത്തമെന്നറിഞ്ഞുകൊൾക. പ്രാഗ്രൂപങ്ങളുണ്ടെങ്കിലോ മേഹമെന്നറിഞ്ഞുകൊള്ളണമെന്നു് പ്രത്യേകം പറയാതെതന്നെ കിട്ടുന്നു. അസ്ഥിസ്രാവവും ശുക്ലസ്രാവവും ഈവക സംശയങ്ങൾക്കു് ഇടംകൊടുക്കുന്നില്ലാത്തതിനാൽ വാഗ്ഭടന്റെ മാതിരിയാണു് അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നതു് എന്നു പറയുന്നതിൽ യുക്തി കാണുന്നില്ല.

പുതിയ രോഗങ്ങൾ ഉണ്ടാകുമെന്നു കാണിക്കുന്നതിലേക്കു് അഷ്ടാംഗഹൃദയത്തിൽനിന്നും ഞാൻ ഉദ്ധരിച്ചിരുന്ന "വികാരനാമാ/കുശലോ" ഇത്യാദി ഭാഗങ്ങൾ ശരിയാണെന്നു വിചാരിപ്പാൻ യുക്തി കാണുന്നില്ലാ എന്നദ്ദേഹം പറയുന്നു. കൂടാതെ "ചരകസുശ്രുതാദികളിൽ പറയാത്ത ഒരു രോഗമെങ്കിലും ആൎക്കും ഉണ്ടാകുന്നില്ല. മേലാൽ ഉണ്ടാകയുമില്ല. മഹൎഷിമാർ പറഞ്ഞിട്ടുള്ളതുകൂടാതെ പുതിയ രോഗങ്ങൾ ഉണ്ടാകുമെന്നവർ സമ്മതിച്ചിട്ടുമില്ല. ഉണ്ടായാൽ ആ വക സന്ദൎഭങ്ങളിൽ പ്രവൎത്തിക്കേണ്ടതു് എന്താണെന്നു നമുക്കു് വ്യക്തമാക്കിത്തരുന്നതുമില്ലാ" എന്നു് പ്രസ്താവിച്ചിട്ടു് മഹൎഷിമാർ വൈദ്യതന്ത്രനിൎമ്മാണസമൎത്ഥന്മാരാണെന്നു് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാനല്ല വൈദ്യതന്ത്രങ്ങളെ നിൎമ്മിച്ചതെന്നും പറഞ്ഞുകാണുന്നു. അതുപോലെതന്നെ "ജനങ്ങളെ സകല രോഗപീഡകളിലുംനിന്നു രക്ഷിക്കുവാനാണെന്നുള്ളതിൽ രണ്ടുപക്ഷമുണ്ടാകുവാൻ സംഗതിയില്ല. അതുകൊണ്ടു് അവർ ചില രോഗങ്ങളും അവയുടെ ചികിത്സകളും മാത്രമേ വൈദ്യതന്ത്രങ്ങളിൽ പറഞ്ഞിട്ടുള്ളു എന്നു് പാമരന്മാരല്ലാതെ

പണ്ഡിതന്മാരാരും പറയുന്നതല്ല" എന്നും എഴുതിക്കാണുന്നു. അതിനുശേഷം അദ്ദേഹം മഹർഷിമാൎക്കു് ദിവ്യചക്ഷുസ്സുള്ളതു കൊണ്ടു് ഭാവികാൎയ്യങ്ങൾ അറിയാൻ സാധിക്കുമെന്നും അതു കൊണ്ടു് പുതിയ രോഗങ്ങളുണ്ടാകുമെങ്കിൽ അവയേയും സോപക്രമം പറയുമായിരുന്നുവെന്നും ഏതു് ആഹാരവിഹാരങ്ങളെ ശീലിച്ചാലും ത്രിദോഷങ്ങൾതന്നെയാണു് എന്നും കോപിക്കുന്നതെന്നുള്ളതുകൊണ്ടും ത്രിദോഷങ്ങൾ കോപിക്കുന്നതുകൊണ്ടുണ്ടാകുന്ന സകല രോഗങ്ങളേയും അതാതിന്റെ ചികിത്സകളേയും പറഞ്ഞിരിക്കുന്ന മനസ്ഥിതിക്കു "നഹി സൎവ്വവികാരാണാം" ഇത്യാദി ചരകനും, "അനുക്തമപിദോഷാണാം" ഇത്യാദി സുശ്രുതനും, "സ ഏവ കുപിതോദോഷ" ഇത്യാദി വാഗ്ഭടനും പഠിച്ചിരിക്കുവാൻ ന്യായമില്ലെന്നും അതു വല്ലവരും എഴുതിച്ചേൎത്തതാണെന്നും ചരകസുശ്രുതാദികളിൽ എഴുതിച്ചേൎത്ത പല ഭാഗങ്ങളും ഉണ്ടെന്നു് പല മഹാന്മാരും പറഞ്ഞിട്ടുണ്ടെന്നും പറയുന്നു.

ചരകസുശ്രുതാദികളിൽ പ്രക്ഷിപ്തഭാഗങ്ങളില്ലെന്നു് ഞാൻ പറഞ്ഞിട്ടുള്ളതായി ഓൎമ്മിക്കുന്നില്ല. ചിലപ്പോൾ കണ്ടേക്കാം. ഈ വക ഗ്രന്ഥങ്ങളിൽ പ്രക്ഷിപ്തങ്ങളായ ഭാഗങ്ങൾ ഉണ്ടെന്നു് അഭിപ്രായം പറയുന്നവരല്ലാതെ ഇന്ന ഇന്ന ഭാഗങ്ങൾ പ്രക്ഷിപ്തങ്ങളാണെന്നും ഇന്നഇന്നതല്ലെന്നും ആരും സയുക്തികം വ്യക്തമായി പ്രസ്താവിച്ചുകാണുന്നില്ല. ശ്രീ: ഗണനാഥസേനൻ മാത്രം ചില ഭാഗങ്ങൾ ഉദ്ധരിച്ചു് അവ സ്വീകാൎയ്യമല്ല എന്നു് പറഞ്ഞിട്ടുണ്ടു്. ആ ഭാഗം എങ്ങിനേയുമിരിക്കട്ടെ; നമുക്കു് "വികാരനാമാƒകുശലോ നജിഹ്രീയാൽ കദാചന" ഇത്യാദി മുൻപറഞ്ഞ ഭാഗങ്ങൾ പ്രക്ഷിപ്തങ്ങളായി സ്വീകരിക്കുവാൻ ന്യായവും യുക്തിയും ഉണ്ടോ എന്നു് നോക്കാം.

മുൻപറഞ്ഞ ആചാൎയ്യന്മാർ മുൻപറഞ്ഞ ഭാഗങ്ങളിൽ മാത്രമല്ല വേറെ പല ഭാഗങ്ങളിലും രോഗങ്ങൾ അസംഖ്യ

യങ്ങളാണെന്നും അവയുടെ എല്ലാത്തിന്റേയും നാമനിർദ്ദേശം സാദ്ധ്യമല്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്.
വാഗ്ഭടൻതന്നെ:—

"നാനാത്മകൈരസംഖ്യേയൈ
ർവ്വികാരൈഃ കുപിതാ മലാഃ
താപയന്തിതനും തസ്മാൽ
തദ്ധേത്വാകൃതിസാധനം
ശക്യം നൈകൈകശോവക്തു-
മതഃ സാമാന്യമുച്യതേ."

എന്നു പറിച്ചിട്ടുണ്ട്. അതിനുശേഷം ദോഷങ്ങൾ രോഗങ്ങൾക്കു മുഖ്യകാരണങ്ങളാണെന്നും ഒരു രോഗവും ദോഷങ്ങളെ അതിവർത്തിക്കുന്നില്ലെന്നും പറഞ്ഞിട്ടു ആ ദോഷങ്ങളുടെ കോപത്തിനുള്ള നിദാനങ്ങളെ വിവരിക്കുന്നു. ഒടുവിൽ

"നിദാനമേതദ്ദോഷാണാം
കുപിതാസ്തേനൈകധാ
കുർവ്വന്തി വിവിധാൻ വ്യാധീൻ
ശാഖാകോഷ്ഠാസ്ഥിസന്ധിഷു"

എന്നും പ്രസ്താവിക്കുന്നു.

"നിദാനം ഏതദ്ദോഷാണാം" എന്നാണു "രോഗാണാം" എന്നല്ലാ എന്നു പ്രത്യേകം ഓർമ്മിക്കേണ്ടതാണു്. രോഗങ്ങൾ ഇത്ര ഇത്രയെന്നു ക്ലിപ്തപ്പെടുത്തുവാൻ സാദ്ധ്യമല്ലാത്തതുകൊണ്ടാണു ദോഷങ്ങളുടെ പ്രാധാന്യത്തേയും അതുകളുടെ കോപകാരണങ്ങളേയും പ്രസ്താവിച്ചിട്ടുള്ളതു്. അല്ലാതെ ഹേതുവിപര്യയചികിത്സയ്ക്കുവേണ്ടിയല്ല. എന്നാൽ അതാതുരോഗങ്ങളെ പറയുമ്പോൾ പ്രത്യേകം പ്രത്യേകം നിദാനത്തെപ്പററി പറയുന്നതിന്റെ ഉദ്ദേശമെന്താണെന്നുതോന്നാം. അതിനു സമാധാനം "തത്ര യൽ പൃഥങ്നിദാനകീർത്തനം തദ്വ്യാധേഃ സ്വരൂപാധിഗമനായ ചികിത്സാകാലേ ഹേതുവിപരീതൌഷധപരിജ്ഞാനാർത്ഥം ച" എന്നുള്ള ഇന്ദുവിന്റെ വചനമാകുന്നു.

"സംക്ഷേപതഃ ക്രിയായോഗോ
നിദാനപരിവൎജ്ജനം"

എന്നുള്ളതും ഈ അവസരത്തിൽ ഓൎമ്മിക്കേണ്ടതാണ്. ഇത്രയും പറഞ്ഞതുകൊണ്ടു് ത്രിദോഷങ്ങൾ കല്പിക്കപ്പെട്ടിരിക്കുന്നതു് പുതിയ പുതിയ രോഗങ്ങളുണ്ടാകുമ്പോൾ അവയ്ക്ക ചികിത്സിക്കുവാൻവേണ്ടി മാത്രമാണെന്നു് ധരിക്കുകയില്ലല്ലോ. വേറെ പല സുപ്രധാനവ്യാപാരങ്ങളും പ്രയോജനങ്ങളും ഉള്ളതു് വിസ്മരിച്ചിട്ടില്ല. പക്ഷേ മേൽപറഞ്ഞ തത്വവുംകൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്നുള്ളതു് വ്യക്തമാക്കുവാൻവേണ്ടിയാണ്.

വാഗ്ഭടൻ പ്രസ്താവിച്ചിട്ടുള്ളതുപോലെതന്നെ ചരകനും പല ഭാഗങ്ങളിലും വ്യാധികൾ അസംഖ്യേയങ്ങളാണെന്നും അവയുടെ പ്രത്യേകം പ്രത്യേകമുള്ള നാമനിൎദ്ദേശവും ചികിത്സാനിൎദ്ദേശവും സാദ്ധ്യമല്ലെന്നും കാണിച്ചിട്ടുണ്ടു്.

"ത ഏവ്വാപരിസംഖ്യേയാ
ഭിദ്യമാനാ ഭവന്തിഹി
രുജാവൎണ്ണസമുത്ഥാന
സ്ഥാനസംസ്ഥാനനാമഭിഃ
വ്യവസ്ഥാകരണം തേഷാം
യഥാസ്ഥൂലേഷു സംഗ്രഹഃ
തഥാപ്രകൃതിസാമാന്യം
വികാരേഷൂപദിശ്യതെ"

എന്നുള്ളതു് ഒരുദാഹരണമാണ്. ഇതുപോലെതന്നെ വാതവികാരങ്ങൾ എൺപതുണ്ടെന്നും പിത്തവികാരങ്ങൾ നാല്പതുണ്ടെന്നും കഫവികാരങ്ങൾ ഇരുപതുണ്ടെന്നും പ്രസ്താവിക്കുമ്പോൾ "ഇത്യശീതിൎവാതവികാരാ വാതവികാരാണാം അപരിസംഖ്യേയാനാമാവിഷ്കൃതതമാ വ്യാഖ്യാതാഃ" എന്നും 'പിത്തവികാരാണാം അപരിസംഖ്യേയാനാം ആവിഷ്കൃതതമാ വ്യാഖ്യാതാഃ' എന്നും 'ശ്ലേഷ്മവികാരണാമപരിസംഖ്യേയാനാം ആവിഷ്കൃതതമാ വ്യാഖ്യാതാഃ' എന്നും പറഞ്ഞിട്ടുള്ളതു്

പ്രത്യേകം ശ്രദ്ധേയമാണ്. സംഗ്രഹത്തിലും മേല്പറഞ്ഞ വിധംതന്നെ കാണുന്നു. "അഥ പ്രകുപിതാ വാതാദയോ നാനാവിധൈർവ്വികാരൈശ്ശരീരമുപതപന്തി, അവിഷ്കൃതതമാസ്തു വാതോരശീതിർവ്വികാരാഃ" എന്നും "സർവ്വേഷു തേഷു തേഷ്വനേകേഷു ചാന്യേഷ്വസംഖ്യേയതയാധികാരേഷ്വിമാന്യേവ ദോഷാണാമാത്മലിംഗാനി സകലശരീരവ്യാപീന്യവ്യഭിചാരീണി ച തഥാ കർമ്മാണ്യുപക്രമശ്ച" എന്നും പ്രത്യേകം എടുത്തുപറയുന്നു. ആവിഷ്കൃതതമങ്ങൾ എന്നുവച്ചാൽ ഏററവും സ്പഷ്ടങ്ങൾ എന്നർത്ഥമാണല്ലോ.

ചരകൻ വേറെ ഒരു ഭാഗത്ത് "തത്ര വ്യാധയോ അപരിസംഖ്യേയാ ഭവന്ത്യതിബഹുത്വാൽ, ദോഷാസ്തു ഖലു പരിസംഖ്യേയാ ഭവന്ത്യനതിബഹുത്വാൽ തസ്മാൽ യഥാചിത്രം വികാരാ ഉദാഹരണാർത്ഥം, അനവശേഷേണ ച ദോഷാ വ്യാഖ്യാസ്യന്തെ" എന്നും "വാതപിത്തശ്ലേഷ്മാണസ്തു ഖലു ശാരീരാഃ ദോഷാഃ. തേഷാമപി ച വികാരാ ജ്വരാതിസാരശോഫശോഷശ്വാസമേഹകുഷ്ഠാദയഃ. ഇതി ദോഷാശ്ചൈകവശോ വ്യാഖ്യാതാഃ വികാരൈകദേശശ്ച" എന്നും "പ്രകുപിതാസ്തു ഖലു തേ പ്രകോപണവിശേഷാൽ ദൂഷ്യവിശേഷാൽ ച വികാരവിശേഷാനഭിനിർവ്വർത്തയന്ത്യപരിസംഖ്യേയാൻ" എന്നും പ്രസ്താവിച്ചുകാണുന്നു.

ഇനി "ആവിഷ്കൃതതമങ്ങൾ" എന്നുള്ളതിനെപ്പററി ശ്രീ. ഗണനാഥസേനൻ അഭിപ്രായപ്പെട്ടിരിക്കുന്നതെന്താണെന്നുനോക്കാം. അദ്ദേഹത്തിൻെറ അഭിപ്രായത്തെപ്പററി പറയുന്നതിനുമുൻപ് അദ്ദേഹത്തെപ്പററിത്തന്നെ ഒന്നു് രണ്ടു വാക്ക് പ്രസ്താവിക്കേണ്ടതായുണ്ടു്. ശ്രീ. ഗണനാഥസേനൻ പാശ്ചാത്യവൈദ്യശാസ്ത്രത്തിലും പൌരസ്ത്യവൈദ്യശാസ്ത്രത്തിലും ഒരുപോലെ പാണ്ഡിത്യമുള്ള ആളായിരുന്നുവെന്നു് മാത്രമല്ല ഇതരശാസ്ത്രങ്ങളിലും അദ്ദേഹം നിഷ്ണാതനായിരുന്നു. അദ്ദേഹത്തിൻെറ നാമധേയം ഭക്തിബഹുമാനങ്ങളോടു കൂടിയല്ലാതെ ഉച്ചരിക്കുവാൻ ഇന്നുള്ള ഒരു വൈദ്യനും

സാദ്ധ്യമല്ല. പാശ്ചാത്യവൈദ്യശാസ്ത്രം അഭ്യസിച്ചിരുന്നിട്ടും അദ്ദേഹം തൻെറ ജീവിതത്തെ മുഴുവൻതന്നെയും ആയുർവ്വേദത്തിൻെറ അഭ്യുന്നതിക്കും പ്രചരണത്തിനുംവേണ്ടി വിനിയോഗിച്ചു. ഹിന്ദി, ഇംഗ്ലീഷ്, സംസ്കൃതം മുതലായ വിവിധ ഭാഷകളിലും അദ്ദേഹം തൻെറ ഗ്രന്ഥങ്ങളെ പ്രകാശിപ്പിച്ചു. അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങൾ ഇൻഡ്യയിലുള്ള ഭൂരിപക്ഷം ആയുർവേദമഹാപാഠശാലകളിലും പാഠ്യപുസ്തകങ്ങളായി വളരെക്കാലംമുൻപുതന്നെ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ടു്.

"നാനാതന്ത്രപ്രബുദ്ധാനാം
ഭിഷജാം നാല്പമേധസാം
ജ്ഞാനസ്യ സാരമാദായ
തൽവിനിശ്ചയസാധനേ
ആർഷം വചഃ സമാഹൃത്യാ-
നാർഷം നിർഹൃത്യ ച ഭ്രമം
സത്യൈക്യേകം സമാഹൃത്യ
സിദ്ധാന്തഃ സംവിധീയതേ"

എന്നു് അദ്ദേഹംതന്നെ പ്രസ്താവിക്കുന്നതിൽനിന്നും ഗ്രന്ഥനിർമ്മാണത്തിൽ അദ്ദേഹത്തിൻെറ പരിശ്രമത്തേയും ആർഷസൂക്തികളോടു് അദ്ദേഹത്തിനുണ്ടായിരുന്ന ബഹുമാനത്തേയും മനസ്സിലാക്കുവാൻ സാധിക്കുന്നതാണു്. ഇങ്ങനെയിരിക്കുന്ന ഒരാൾ ആലോചനാശൂന്യമായി വല്ലതും വിളിച്ചുപറയുമെന്നൂഹിക്കുവാൻ നിവൃത്തി കാണുന്നില്ല. അദ്ദേഹം ആലോചനകൂടാതെ വല്ലതുമൊക്കെ എഴുതിയിരിക്കുകയാണെന്നു് സുപ്രസിദ്ധ വൈദ്യപണ്ഡിതന്മാരാരും ഇതുവരെ പ്രസ്താവിച്ചിട്ടില്ലെന്നുമാത്രമല്ല അവർ അദ്ദേഹത്തിൻെറ പ്രസ്താവനകളെ സർവ്വഥാ അംഗീകരിക്കുകയാണു് ചെയ്തിട്ടുള്ളതു്. ത്രിദോഷങ്ങളേപ്പററിയുംമററും അദ്ദേഹം എത്രമാത്രം സൂക്ഷ്മതമമായി ചിന്തിച്ചിട്ടുണ്ടെന്നു അദ്ദേഹത്തിൻെറ 'On Thridosha' എന്ന ഗ്രന്ഥം വായിച്ചാലറിയാവുന്നതാണു്.

ഇനി അദ്ദേഹത്തിൻെറ അഭിപ്രായത്തേപ്പററി നോക്കാം-

പ്രബന്ധേഷു തതഃപ്രാചാം
ഉക്താനുക്താകൃതീൻഗദാൻ
ആവിഷ്കൃതതമാൻ ബ്രൂമഃ
സ്ഫുടലിംഗാൻ സമാസതഃ"

(സിദ്ധാന്തനിദാനം)

ഈ ഭാഗത്തിൻെറ വ്യാഖ്യാനത്തിൽ അദ്ദേഹം പറയുന്നതു നോക്കുക:- 'ആവിഷ്കൃതതമാനിതി. ആവിഷ്കൃതതമഃ സമ്യക്സ്വരൂപാദിപരിജ്ഞാനേന യ ഇദാനിം പരിജ്ഞാന തമാഃ താനേവബ്രൂമോ ന തു സർവ്വാൻ, സർവ്വേഷാം സ്വരൂപ വചനസ്യാശക്യത്വാൽ, ഇദഞ്ചാഷ്ടീ ശൈലീ യദാവിഷ്കൃ തതമവചനം നാമ - തഥാഹി മഹരകഃ' 'അശീതിർവാതജാ വികാരാ ഇത്യുപക്രമ്യ ഉപസംഹരതി ഇമേഹ്യാവിഷ്കൃത തമാ' ഇത്യാദി. "ഏവഞ്ചകാലാന്തരഗാഢനോഽപി രോഗാ സ്ഫുടലക്ഷണാ അവശ്യം വേദിതവ്യാ വർണ്ണയിതവ്യാശ്ചേ തിസൂച്യതേ" ഇപ്പോഠം "വികാരനാമാഽകശലോ" ഇത്യാദി ഭാഗങ്ങഠം പ്രക്ഷിപ്തങ്ങളായി സ്വീകരിക്കുവാൻ നിവൃത്തി യില്ലാ എന്നു് വ്യക്തമായല്ലോ. അങ്ങിനെ പ്രക്ഷിപ്തങ്ങളാ യി വാദത്തിനുവേണ്ടി സ്വീകരിച്ചാൽ മേല്പറഞ്ഞ ഭാഗങ്ങളെ ല്ലാം പ്രക്ഷിപ്തങ്ങളായി അംഗീകരിക്കേണ്ടിവരുന്നതാണല്ലോ. അങ്ങിനെ സ്വീകരിക്കുവാൻ ന്യായവും കാണുന്നില്ല. ഒരാഠം ശാസ്ത്രങ്ങളിൽനിന്നു ഉദ്ധരിക്കുന്ന ഭാഗങ്ങഠം എല്ലാം പ്രക്ഷി പ്തങ്ങളും മറെറാരാഠം ഉദ്ധരിക്കുന്നതുമുഴുവൻ പ്രമാണങ്ങളുമാ ണെന്നു് പൂർണ്ണമായി അതിനേപ്പററി ആലോചിച്ചുതീർച്ചയാ ക്കുന്നതിനുമുൻപു് പ്രസ്താവിക്കുന്നതു കുറെ സാഹസമല്ലയോ.

## വിഷയവിവരം.

പൈപത്തോൽ ചുട്ടതളന്നിട്ടു മൂഴക്ക കരി കൂട്ടുക.
ഒക്കെ കൂട്ടി ഇളക്കീട്ടു വെപ്പു തൽപൊടി പിന്നെയും
കോഷ്ഠായന്ത്രമതുണ്ടാക്കീട്ടല രണ്ടതു വച്ചുടൻ
അതിൽ വച്ചുതുവന്നേരം കിട്ടം വേർപെട്ടിരിപ്പതാം.
പഞ്ചമിശ്രം പറഞ്ഞില്ല ഗുരുവിങ്കേന്നു കേൾക്കണം
ഉത്തരാദിക്കിലല്ലാതെ കേരളത്തിങ്കലില്ലതു്.
കാച്ചിത്തട്ടിയുരുട്ടിട്ടു കിണ്ണമായിട്ടു തീക്കണം.
കാന്തലോഹമിതെന്നല്ലോ നാമമഭപ്പൊടി തിന്നുകൊൾ
അതിൽ പാലു കുറക്കേണം സേവിപ്പാനിതു നിത്യമായ്.
തികപ്പില്ല തിളയ്ക്കുമ്പോൾ കണ്ടുകൊൾകിതു ലക്ഷണം.
ഇതുകൊണ്ടു ശമിച്ചീടും രാജയക്ഷ്മഞ്ച ശൂലവും
പ്രമേഹം ഗുന്മവും പിന്നെ യശ്സ്സും പുനരാന്ത്രവും
കാസശ്വാസം ക്ഷയം ഛർദ്ദി ഭക്തരോധവുമെന്നിവ
ശമിച്ചീട്ടുമിതെന്നല്ലോ ഗുരുവിങ്ങരുൾചെയ്തതു്.
അമുക്കിരം ബലാമൂലം അരത്തയിവയൊപ്പമായ്
കഷായം വച്ചരിച്ചിട്ടു് എണ്ണയും കൂട്ടി വച്ചതിൽ
മൂന്നൊന്നു തൈരതും കൂട്ടി എണ്ണയിൽ പാതി തേനതും
കല്ക്കത്തിന്നു കുറുന്തോട്ടി അരക്കും ചന്ദനം തഥാ
അമുക്കിരമതും കൂട്ടു മഞ്ഞളും കണ്ടകാരിയും
പെരുങ്കുരുമ്പ മഞ്ചട്ടി മധുകം തേവതാരവും
പാലുവള്ളിയതിൻമൂലം രാമച്ചമിവയൊപ്പമായ്
നേരേ നന്നായരച്ചിട്ടു കല്ക്കം കൊണ്ടതു കാച്ചുക
പാകം സൂക്ഷിച്ചരിച്ചിട്ടു മേലേക്കുള്ള കുഴമ്പിതു.
രാജയക്ഷ്മം ശമിച്ചീടും പനിയും മെലിവും തഥാ
ഉരഃക്ഷതമതും പിന്നെ കാസശ്വാസവുമേങ്ങലും
ബലാശ്വഗന്ധാദിഎണ്ണകുഴമ്പെന്നിതിന്നു പേർ.
തലയ്ക്കുള്ളെണ്ണ കാച്ചുമ്പോൾ ബലാധാത്ര്യാദി വേണ്ടതു്.
അതിൻെറ യോഗവും ചൊല്ലും ശിരോരോഗചികിത്സയിൽ.
നെയ്യുനന്നാഴി കൊള്ളേണം പാലുതൈരുമതൊപ്പമായ്.
മൂത്രം നാന്നാഴി കൊണ്ടിട്ടു പുരീഷമിതു നാഴിയും

ഈവണ്ണം കണ്ടുകൊള്ളുണമാട്ടിൻേറതിവയൊക്കയും
ഇന്തുപ്പു കല്കമായിട്ടു കാച്ചിക്കൊണ്ടതരിച്ചുടൻ
സേവിച്ചാലൊഴിയും പിന്നെ ക്ഷയവും രാജയക്ഷ്മവും
പഞ്ചാജകമിതെന്നല്ലോ നാമം കാസഹരം പരം.
വിരേചിപ്പിക്ക ചെയ്യൊല്ല രാജയക്ഷ്മത്തിനൊട്ടുമേ.
മലമൊക്കെ യൊഴിഞ്ഞീടിൽ മരണം തസ്യ നിശ്ചയം.
അമുക്കിരം ബലാമൂലം ജീവന്തീ നവനീണ്ടിയും
അമൃതും കൂട്ടി യൊപ്പിച്ച് കഷായം വച്ചരിച്ചതിൽ
നെയ്യും കൂട്ടീട്ടു വച്ചേപ്പൂ പാലും നെയ്യിലിരട്ടിയാം
മുക്കായും ചന്ദനം പിന്നെ തിപ്പലീ മുന്തിരിപ്പഴം
മഞ്ചട്ടിപ്പൊടിയും കൂവ മധുകം തേവതാരവും
പിന്നെപ്പതുമുകം കൊറംവൂ യവാഷം തമിഴാമയും
വിടയം പാടതന്മൂലം ചെറുതേക്കാടലോടകം
ഇരുവേലീ ച രാമച്ചം ചുക്കുമെന്നിവയൊപ്പമായ്
തൂക്കി നന്നായ് ചതച്ചിട്ട് കാച്ചിക്കൊണ്ടതരിക്കണം
കാലത്തു നെയ്യു സേവിച്ചാൽ രാജയക്ഷ്മം ശമിച്ചുപോം.
ക്ഷയവും പനിയും പിന്നെ രക്തപിത്തം വിസപ്പവും
മെലിവും കാമിലാ പിത്തം കാസശ്വാസപ്രമേഹവും
ഇവയൊക്കെ ശ്ശമിച്ചീടാൻ എത്രയും നല്ലനെയ്യിതു്.
അശ്വഗന്ധാദിഘൃതമെന്നിതിൻെറ പേരതിങ്ങനെ
മുക്കാപ്പീരമതിൻ പത്രം മുക്കടിക്കതുകൊള്ളുക
ഇവയെല്ലാം പ്രയോഗിച്ചാൽ രാജയക്ഷ്മാ ശമിച്ചിടും.

## ഉരഃക്ഷതചികിത്സ

ഉരഃക്ഷതമതെന്നുണ്ടു് ചോരഛർദ്ദിക്കയാമതു്
ഒന്നിലും മൂന്നിലും പിന്നെ അഞ്ചിലും മരണം വരും.
നെഞ്ചു നേരേ പിളന്നിട്ടു ഛർദ്ദിക്കും ചോര കട്ടയായ്
വായും മൂക്കുമടച്ചിട്ടു വീർപ്പു പോകാതെവന്നിടും
അന്നുതന്നെ മരിച്ചീലഎന്നു വന്നങ്ങിരിക്കിലോ
രണ്ടാമൂഴമടക്കുമ്പോൾ മൃത്യുവില്ലെന്നുനിണ്ണയം.

നാലാമൂഴവുമില്ലല്ലോ അഞ്ചിലേററമിരുന്നിടാം.
കാന്തലോഹവുമില്ലാസ്സിൽ നിൎത്തീടാവതുമല്ലതു്.
എണ്ണയും നെയ്യുമായ്തേച്ചു പാത്തിതന്നിൽ കിടത്തുക.
കുഴമ്പും ധാരയും നെയ്യും മുറയ്ക്കുള്ളതുപോലയാം
അതുകൊണ്ടുമതുണ്ടാക്കിസ്സേവിച്ചീടുകനല്ലതു്.
മൎമ്മത്തിന്നു ചികിത്സിപ്പാൻ മേലിൽ വേണ്ടതു ചൊല്ലിടാം
അതുകൊണ്ടു ചികിത്സിച്ചാലിതുമങ്ങുശമിച്ചുപോം.

## മദനകാമേശ്വരീ ലേഹം.

യഷ്ടീവരീഗോക്ഷുരകാശ്വഗന്ധാ-
വാരാഹിമാഷാംശ്ച ശതാവരീഞ്ച
ദ്രാക്ഷാഫലഞ്ചാമലകഞ്ച തദ്വൽ
ശാന്മല്യനിൎയ്യാസസുശൎക്കരാഢ്യം
പ്രാതസ്ത്രിനിഷ്കം മധുനാ ച യുക്തം
ലിഹന്നരീന്നോ വനിതാസഹസ്രം
ദിനേദിനേ ഗന്തുമതീവ ശക്തോ
ഭവേന്നരോ ഗൃദ്ധ്രസമാനദൃഷ്ടിഃ
ബുദ്ധ്യാ സുരാചാൎയ്യസമഃ ശ്രുതൌ തു
വരാഹതുല്യോ ബലവൎണ്ണയുക്തഃ
അശ്വഗന്ധാം തിലം മാഷം നാഗരം ഗുളസൎപ്പിഷാ
സമംചൂൎണ്ണംമണ്ഡലേനഭോജനംബലവൎദ്ധനം.

ഇതി ഉരഃക്ഷതചികിത്സിതം.

## മൂത്രാഘാതചികിത്സ

പന്ത്രണ്ടുമെട്ടുമുണ്ടല്ലോ മൂത്രാഘാതങ്ങൾ ചൊന്നതിൽ
നാലശ്മരിയതാമല്ലോ വാതപിത്തകഫങ്ങളാൽ
മൂന്നുമൊത്തതുക്രുട്ടീടുമങ്ങനെ നാലു ജാതിയാം
മൂത്രകൃച്ഛ്റങ്ങൾനാലൊണ്ടു മൂന്നും വെവ്വേറെ ഒത്തതു്.
പിന്നെപ്പന്ത്രണ്ടു പുക്കിൾക്കുതാഴെനിന്നുളവാമതിൽ
വാതവസ്തികൾ രണ്ടല്ലോ അഷ്ഠീലാ കുണ്ഡലീകയും

മൂത്രഗന്ധിയത്തും പിന്നെ മൂത്രശുക്ലവുമെന്നിവ
അസ്ഥിഘാതം ചോഷ്ണവാതം മൂത്രക്ഷയമത്തും തഥാ
മൂത്രസാദവുമിവണ്ണം നാമങ്ങൾ പന്തിരണ്ടിനും
അശ്മരീയിങ്ങനേ വന്നാൽ വാതപിത്തകഫങ്ങളാൽ
വരണ്ടു കല്ലുപോലാക്കീട്ടുളവാകുമിതങ്ങിനെ.
കല്ലടപ്പെന്നു ചൊല്ലുന്നു ചൊല്ലുവാനാവതല്ലതു്
ശസ്ത്രംകൊണ്ടതുകീറീടിൽ മൃത്യു വന്നുഭവിക്കിലാം.
ബാലന്മാർക്കു കഫത്താലതുണ്ടാകും മിക്കവാറതും
യൗവനത്തുങ്കലെന്നാകിൽ ശുക്ലത്താലേ ഭവിച്ചിടും
എപ്പോഴും നാഭിനൊന്തിടും മൂത്രം നേർത്തുമതായ്‌വരും
വൃഷണം നൊന്തുവീങ്ങീടും മൂത്രം വീഴാതെ നോകയും
അന്നവും മുട്ടിയെന്നാകിലന്ത്യകാലമടുത്തതാം
ചൊല്ലാം കൃഛ്റങ്ങൾ നാലിന്നും ലക്ഷണങ്ങൾ ചുരുക്കി ഞാൻ
വസ്തിയും കഴലും മേഢ്രം നൊന്തീടും വാതജത്തിനു്.
പിത്തത്താലാകിലസ്ഥാനത്തൊക്കയും ചുട്ടുനീറിടും
മഞ്ഞളിച്ചു ചുമന്നിട്ടു മൂത്രത്തിൻനിറമിങ്ങനെ
കഫത്താൽ കനമേറീടും മേഢ്രവും കഴലാസ്ഥിയും
നാലാമത്തതു വന്നീടിൽ ലക്ഷണം മൂന്നുമൊത്തിടും
വിരേചിപ്പിക്കയും വേണം പിന്നെ സ്വേദവുമിങ്ങനെ
എണ്ണയും നെയ്യുമായ്‌ത്തേച്ചു ധാരകൊള്ളുക വസ്തിയിൽ
കൂടക്കൂടെ വെളുപ്പേണം ധാരയ്ക്കങ്ങനെ കൊള്ളുക.
പൊാച്ചോട്ടുകൊണ്ടു കാച്ചീടാം കാടിതന്നിലിരുത്തിടാം
അരിഞ്ഞു വാട്ടിക്കെട്ടീട്ടു ആവണക്കില ജീരകം
എണ്ണയും നെയ്യുമായ്‌ത്തേച്ചു കിണ്ണിക്കൊണ്ടിങ്ങു കാച്ചുക.
ഓരിലാ ഗുഹയും നല്ല ബൃഹതി കണ്ടകാരികാ
പൊന്നാങ്ങാണിയത്തും പിന്നെ ശതാവരി ഞെരിഞ്ഞിലും
ഇവകൊണ്ടു കുറുക്കീട്ടു ഗുൽഗുലുപ്പൊടിയിട്ടതിൽ
കഷായത്തെ കുടിച്ചീടിൽ വാതകൃഛ്റമൊഴിഞ്ഞുപോം.
സ്വേദംകൊണ്ടു ശമിച്ചീടാ പിത്തത്താലുളവായതു്

# വൈദ്യസാരഥിയുടെ പഴയ ലക്കങ്ങൾ.

| | | രൂ. | ണ. | സ. | |
|---|---|---|---|---|---|
| 1-ം 2-ം വാല്യങ്ങൾ | .... .... | 2 | 0 | 0 | വീതം. |
| 3-ം 4-ം 5-ം വാല്യങ്ങൾ | .... | 2 | 8 | 0 | ,, |
| 6-ം 7-ം 8-ം വാല്യങ്ങൾ | .... .... | 2 | 12 | 0 | ,, |
| 8 വാല്യങ്ങളുംകൂടി | .... .... | 15 | 0 | 0 | ,, |
| 9-ം 10-ം വാല്യങ്ങൾ | .... .... | 3 | 0 | 0 | ,, |

വൈദ്യസാരഥി പ്രസ്സ്, കോട്ടയം.




Printed and Published by C. G. Govinda Pillay at the Vaidya Sarathy Press, Kottayam.

VAIDYASARATHY

*Regd. No. M. 3579 & T. 102.* *July. 1947.*